www.malankaralibrary.com

# BETHANY SABDHAM

No.109 2017 May


***Editorial Board***

Fr. Varghese Thykoottathil, OIC
Fr. Antony Padipurackal, OIC
Fr. Shaiju Mathew Meppurath, OIC
Fr. Geevarghese Thiruvalil, OIC

***Circulation Manager***

Bro. George Gracious Karimpanamannil, OIC



***Printed at***

Bethany Offset Printers, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

***Cover Design***

Bro. Manu Varghese OIC

***Published from***

Bethany Ashram Generalate
Kottayam 686010

www.malankaralibrary.com

# ഉള്ളടക്കം

എഡിറ്റോറിയൽ

ജൂബിലി ആഘോഷിക്കുന്ന നമ്മുടെ സഹോദരങ്ങൾ
വെരി. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

ജൂബിലിയേറിയൻസിന് അഭിനന്ദനങ്ങൾ
വെരി. റവ. ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.

സന്യാസജീവിതത്തിന്റെ മർമ്മങ്ങളും ആഘോഷങ്ങളും
വെരി. റവ. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി

ദൈവകരുണയുടെ അമ്പതുവർഷം
ഫാ. ഡാനിയേൽ ചേന്നാത്ത് ഒ.ഐ.സി.

ദൈവകൃപയ്ക്കു നന്ദി...
ഫാ. ഡാനിയേൽ കടകംപള്ളിൽ ഒ.ഐ.സി

'വെറുതെ' – ഫാ. പ്ലാസിഡ് തോമ്പിലടിമുറിയിൽ ഒ.ഐ.സി.

നമ്മുടെ ജൂബിലേറിയന്മാർ പ്രതിഭാധനർ
ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

തീർത്ഥാടകർ – ഫാ. സാമുവേൽ കിടങ്ങിൽ ഒ.ഐ.സി

I trust in God - Fr. Paul Mathew Kaithavana OIC

ഉപാസന – ബ്രദർ മനു വർഗീസ് ഒ.ഐ.സി.

Power of simplicity and simplicity of power
Fr. Thomas Sathyan Naduviledath OIC

Heart Speaks to Heart - Fr. John Christopher Manalil OIC

Priest as 'father' - Fr. Antony Padipurackal OIC

അനശ്വരമാക്കപ്പെടേണ്ട സമർപ്പണം
ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

'അല്പം ധ്യാനവും ഒരു പ്രാർത്ഥനയും'
ഫാ. ജോസഫ് തോമസ് മേനാകളീക്കൽ ഒ.ഐ.സി.

www.malankaralibrary.com



# എഡിറ്റോറിയൽ

നമ്മുടെ സമൂഹത്തിലെ 6 സഹോദരങ്ങളുടെ സുവർണ്ണ, രജത ജൂബിലിയുമായി ബന്ധപ്പെടുത്തിയാണ് 'ശബ്ദത്തിന്റെ' ഈ ലക്കം പുറത്തിറങ്ങുക. അതുകൊണ്ടുതന്നെ ശബ്ദത്തിന്റെ തുടർതാളുകൾ സമർപ്പണചിന്തകളാലും ബഹുമാനപ്പെട്ട ജ്യേഷ്ഠഅനുജ സഹോദര ങ്ങളെ പറ്റിയുള്ള ഓർമ്മകളാലും നിറഞ്ഞുനിൽക്കുന്നു. സമൂഹ ത്തിന്റെ പേരിൽ പ്രിയപ്പെട്ട ഡാനിയേൽ ചേന്നാത്ത് അച്ചനോടും ഡാനിയേൽ കടകംപള്ളിൽ അച്ചനോടും പ്ലാസിഡ് തോമ്പിലടിമുറിയിൽ അച്ചനോടും, പോൾ മാത്യു കൈതവന അച്ചനോടും, ജോൺ ക്രിസ്റ്റഫർ അച്ചനോടും, തോമസ് സത്യനച്ചനോടും ഉള്ള നന്ദിയും, ആദരവും, ആശംസകളും അറിയിക്കട്ടെ. സമർപ്പണജീവിതത്തിൽ ഉന്നതരാവാൻ വിളിച്ചവൻ അവരെ ബലപ്പെടുത്തിയതിന് വിളിച്ചവന് ഒരായിരംനന്ദി.

സമർപ്പണം ബലിയാണ്. ബലിയില്ലെങ്കിൽ സമർപ്പണം ഇല്ല. ബലി രക്തം ചിന്തൽ ആണ്. ആ രക്തത്തിൽ ശുദ്ധീകരിച്ച് തന്നെത്തന്നെ വിമലമാക്കുന്നതാണ് സന്ന്യാസ സമർപ്പണം. കഴിഞ്ഞ 50, 25 വർഷങ്ങൾ ബലി ജീവിതത്തെ പ്രണയം ആക്കി ജീവിച്ച് വിളിച്ചവന് നമ്മുടെ സമൂഹത്തിൽ സാക്ഷികളായ വന്ദ്യസഹോദരങ്ങളുടെ ത്യാഗ ജീവിതത്തിന്റെ മുന്നിൽ ശിരസ് കുനിക്കുന്നു. തുടർന്നുള്ള ജീവിതം സമർപ്പണത്തിന്റെ സമ്പൂർണ്ണത ആയിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

സമർപ്പണം വിളിയല്ല. അത് ആഘോഷമാണ്. കൂദാശയാണ്. ആഘോഷിച്ച് ആയുസുകളയുന്ന സമർപ്പിതരുടെ ലോകത്തിൽ

www.malankaralibrary.com

പ്രിയപ്പെട്ട ഈ സഹോദരങ്ങൾ അവരുടെ ജീവിതം ലോകാഘോഷം അല്ല എന്ന് സമർപ്പണത്തിലൂടെ തെളിയിച്ചവർ തന്നെ. അവരെ നാം ഓർക്കുമ്പോൾ ആഘോഷത്തിമിർപ്പിൽ, സമർപ്പണം 'അടിച്ചുപൊളി' യാക്കാതിരിക്കാനുള്ള 'ഉത്കണ്ഠയും' ബോധ്യവും വെളിപാടും നമുക്ക് ആവശ്യമില്ലേ?

അതെ, അവൻ അവിടെ പ്രവേശിച്ച് നിത്യരക്ഷ സാധിച്ചത് കോലാടുകളുടെയോ കാളക്കിടാക്കളുടെയോ രക്തത്തിലൂടെയല്ല. സ്വന്തം രക്തത്തിലൂടെയാണ് (ഹെബ്രാ 9:12). സ്വന്തം രക്തം സമർപ്പണത്തിൽ ചാലിച്ചുചേർത്ത് സമർപ്പണം നടത്തിയ നിങ്ങളുടെ സമർപ്പണ ബലി തുടർന്നും അനശ്വരമാകട്ടെ.

ശബ്ദത്തിന്റെ തുടർതാളുകളിൽ പങ്കുവയ്ക്കപ്പെട്ടിരിക്കുന്ന ചിന്തകളും ആശയങ്ങളും അതിന്റെ ആത്മാവിൽ ഉൾക്കൊള്ളുവാൻ സമൂഹമായും വ്യക്തിപരമായും നമുക്ക് കഴിയണം. നമ്മുടെ സമൂഹത്തിന്റെ, സ്ഥാപനത്തിന്റെ 100–ാം വാർഷികം ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ കാലയളവിൽ സമർപ്പണത്തിൽ വന്നുപോയിട്ടുള്ള അപചയങ്ങൾ തിരിച്ചറിയാനും തിരുത്താനും കഴിയേണ്ടേ. ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞ് സത്യം വിവേചിച്ചറിഞ്ഞ് തിരിച്ചുവരാൻ നമുക്ക് കടമയുണ്ട്. അല്ലായെങ്കിൽ നാം വെറും ലോകായതികരായി സമർപ്പിക്കപ്പെട്ടവരായി അധഃപതിക്കും. ആ ഒരു അവസ്ഥ നമുക്കും നമ്മുടെ സമൂഹത്തിനും ഉണ്ടാകാതിരിക്കണം.

ഒരിക്കൽകൂടി ജൂബിലി ആഘോഷിക്കുന്നവർക്ക്, പ്രിയ സഹോദരങ്ങൾക്ക്, സമൂഹത്തിന്റെ നാമത്തിലുള്ള പ്രാർത്ഥനയും ആശംസകളും നേർന്നുകൊണ്ട്,

സ്നേഹത്തോടെ,

**ഫാ. വറുഗീസ് തെക്കൂട്ടത്തിൽ ഒ.ഐ.സി.**

www.malankaralibrary.com

# ജൂബിലി ആഘോഷിക്കുന്ന നമ്മുടെ സഹോദരങ്ങൾ

**വെരി. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**

ബഥനി സന്ന്യാസി സമൂഹത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിർമ്മിതിയിൽ പങ്കാളികളായ മൂന്നു വൈദികരുടെ സുവർണ്ണ ജൂബിലിയും, മൂന്നു വൈദികരുടെ രജത ജൂബിലിയും വളരെ അഭിമാനത്തോടുകൂടിയാണ് നാം ആഘോഷിക്കുന്നത്. ഈ 6 വൈദികരേയും ദൈവത്തിന്റെ തിരുസന്നിധിയിൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ അർപ്പിക്കുകയും അവരെ സഭയ്ക്കും സമൂഹത്തിനും തന്ന അവരുടെ കുടുംബാംഗങ്ങളേ സ്നേഹത്തോടെ ഓർക്കുകയും ചെയ്യാം.

തന്റെ ജീവിതകാലം മുഴുവൻ ഒരു അദ്ധ്യാപകനായും സ്കൂൾ പ്രിൻസിപ്പളായും ഇടവകവികാരിയായും സേവനം ചെയ്ത ബഹു.ഡാനിയേലച്ചൻ, വിദ്യാഭ്യാസ മേഖലയിൽ വലിയ ത്യാഗം അനുഷ്ഠിച്ച് ശുശ്രൂഷ ചെയ്ത വ്യക്തിയാണ്. 20-ഓളം വർഷങ്ങൾ റാന്നി - ചെറുകുളഞ്ഞി ബഥനി സ്കൂളിൽ പ്രതികൂലങ്ങളുടെ മദ്ധ്യേ അദ്ദേഹം സേവനം ചെയ്തു. ഒരു നാടിന്റെ വളർച്ചയും അനേകായിരം കുഞ്ഞുങ്ങളുടെ ജീവിതത്തിന് വെളിച്ചം നൽകുവാൻ അദ്ദേഹത്തിന് സാധിച്ചു. ത്യാഗം നിറഞ്ഞ ഈ വലിയ ശുശ്രൂഷയെ സ്നേഹത്തോടെ അനുസ്മരിക്കുന്നു.

സമൂഹത്തിന്റെ പ്രൊക്യുറേറ്റർ ജനറൽ, അനേകം ആശ്രമങ്ങളുടെ അദ്ധ്യക്ഷൻ, അനേകം സ്ഥാപനങ്ങളുടെ തുടക്കക്കാരൻ, നടത്തിപ്പുകാരൻ എന്നീ നിലയിൽ ബഥനിയെ പണിതുയർത്തുന്നതിൽ വളരെയേറെ കഷ്ടതകൾ സഹിച്ച വ്യക്തിയാണ് ബഹു.ഡാനിയേൽ കടകംപള്ളി അച്ചൻ. ഇടവക ശുശ്രൂഷകളിൽ, മിഷൻ മേഖലയിൽ ഒരുപോലെ അതുല്യമായ സേവനം ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചു. 1980ൽ ബഥനി അതിന്റെ

www.malankaralibrary.com

ശുശ്രൂഷ ബോംബെയിലേക്ക് വ്യാപിപ്പിച്ചപ്പോൾ നേതൃത്വം നൽകിയതിൽ അഗ്രഗണ്യനാണ് ബഹു.അച്ചൻ.

ബഥനി സന്ന്യാസസമൂഹത്തിന്റെ ഭാരതീയ ചൈതന്യവും അസ്ഥിത്വവും സ്വന്തം ജീവിതത്തിൽ ഒരു നിയോഗം എന്നപോലെ ഏറ്റെടുത്ത് ജീവിക്കുന്ന ഒരു വ്യക്തിത്വമാണ് ബഹു. പ്ലാസിഡച്ചൻ. അദ്ദേഹത്തിന്റെ രൂപവും ഭാവവും പഠനങ്ങളും ആർഷഭാരത സംസ്കാരത്തിൽ ഉറച്ച ജീവിതരീതിയും ഇൻഡ്യൻ സന്ന്യാസവും ഒരു ബഥനിവൈദികൻ എങ്ങനെ രൂപപ്പെടുത്താം എന്ന് തെളിയിക്കുന്ന ഒരു ബഥനി സന്ന്യാസ 'ഐക്കൺ' ആയി അച്ചൻ പരിണമിക്കുന്നു.

സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ മൂന്നു വൈദികരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ബഥനി രണ്ടു പ്രൊവിൻസുകളായി തിരിഞ്ഞപ്പോൾ ആദ്യം ലഭിച്ച 3 വൈദികരാണ് ഇപ്പോൾ സിൽവർ ജൂബിലി ആഘോഷിക്കുന്നത്. ബഹു.പോളച്ചൻ പരിശീലനമേഖലയിലും ആതുര സേവനരംഗത്തും ഹൈദരാബാദിൽ മിഷൻ രംഗത്തും നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ ജർമ്മനിയിൽ 'ആഹൻ' രൂപതയിൽ ഇടവകസേവനത്തിൽ മുഴുകിയിരിക്കുന്ന ശുശ്രൂഷ അവിടുത്തെ ജനത്തിനും സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും വലിയ ബലം നൽകുന്നു.

വൊക്കേഷൻ പ്രെമോഷൻ രംഗത്തും സ്ഥാപനങ്ങളുടെയും മിഷനുകളുടെും സ്ഥാപനത്തിന്റെ നടത്തിപ്പിനും വലിയ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിത്വമാണ് ബഹു.സത്യനച്ചന്റേത്. അമേരിക്കയിൽ മലങ്കര സഭയ്ക്ക് ഒരു എക്സാർക്കേറ്റ് അനുവദിച്ചപ്പോൾ അതിന്റെ ബാലാരിഷ്ഠതകളിൽ മെത്രാപ്പോലീത്തായോടു ചേർന്നുനിന്ന് വലിയ ശുശ്രൂഷ ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചത് ബഥനിസമൂഹം അഭിമാനത്തോടെ അനുസ്മരിക്കുന്നു.

വേങ്കോട് ഒരു ചെറിയ ബോയ്സ് ഹോമിൽനിന്ന് രണ്ടു വലിയ സ്കൂളുകളും ഒരു കോളേജുമായി വളർത്തിയെടുത്ത ക്രിസ്റ്റഫർ

www.malankaralibrary.com

അച്ചന്റെ സേവനത്തെ സമൂഹം നന്ദിയോടെ സ്മരിക്കുന്നു. അതിൽ താൻ ഉപരിപഠനം നടത്തിയ ബൽജിയത്തിലും സമൂഹാംഗങ്ങളുടെ വളർച്ചയ്ക്കുവേണ്ടി അക്ഷീണമായി പരിശ്രമിച്ച് പല വൈദികർക്കും ഉന്നതവിദ്യാഭ്യാസത്തിന്റെ ശ്രേണികൾ തുറന്നുകൊടുക്കാൻ അദ്ദേഹ ത്തിനു സാധിച്ചു. ബഥനിയുടെ ആളിന്റെയും അർത്ഥത്തിന്റെയും സമഗ്രമായ പുരോഗതിക്കും അദ്ദേഹം നിരന്തരമായി പരിശ്രമിച്ചു.

ഈ ആറ് വൈദികരും തങ്ങളുടെ സന്ന്യാസസമർപ്പണത്തിന്റെ ജൂബിലി ആഘോഷിക്കുമ്പോൾ മഹത്വത്തിന്റെ പൂർണ്ണ സന്ന്യാസ ശുശ്രൂഷയിലൂടെ ദൈവത്തിന്റെ മഹത്വവും ഔന്നത്യവും പ്രാപിക്കട്ടെ. ദൈവവഴികളിലൂടെ സഞ്ചരിക്കുന്നവർ മഹത്വം പ്രാപിക്കുന്നതെങ്ങനെ യെന്ന് പത്രോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു. "നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും സുകൃതത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ആത്മസംയമനംകൊണ്ടും, ആത്മസംയമനത്തെ ക്ഷമകൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദരസ്നേഹംകൊണ്ടും, സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കുവിൻ'' (2 പത്രോസ് 1:7) ആശംസകളും പ്രാർത്ഥനകളും അർപ്പിക്കുന്നു.



www.malankaralibrary.com

# ജൂബിലിയേറിയൻസിന് അഭിനന്ദനങ്ങൾ

വെരി. റവ. ഫാ. വില്ല്യം നെടുമ്പുറത്ത് ഒ.ഐ.സി.

നമ്മുടെ സ്നേഹവും ബഹുമാനവും ആർജ്ജിച്ചിരിക്കുന്ന ബഹു. ഡാനിയേൽ ചേന്നാത്ത്, ബഹു. ഡാനിയേൽ കടകംപള്ളിൽ, പ്ലാസിഡ് തോമ്പിലടിമുറിയിൽ എന്നീ വൈദീകർ അവരുടെ ആദ്യ സന്ന്യാസവ്രതത്തിന്റെ അൻപതുവർഷം തികയുന്ന ഗോൾഡൻ ജൂബിലിയും ബഹു.പോൾ കൈതവന, ബഹു.തോമസ് സത്യൻ, ബഹു.ജോൺക്രിസ്റ്റഫർ മണലിൽ എന്നീ വൈദീകർ അവരുടെ ആദ്യ സന്ന്യാസവ്രതത്തിന്റെ ഇരുപത്തഞ്ചുവർഷം തികയുന്ന സിൽവർ ജൂബിലിയും ഈ വർഷം കൊണ്ടാടുകയാണല്ലൊ. ഇത്തരുണത്തിൽ ഇവരെ പ്രത്യേകം സ്മരിക്കാനും ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും സമൂഹം ഒരുമ്പെടുകയാണ്. തീർത്തും കരണീയമായ ഒരു കാര്യം. ബഹുമാനപ്പെട്ട വൈദീകരെ എന്റെ സ്നേഹാദരവുകൾ അറിയിക്കുന്ന തോടൊപ്പം നിങ്ങൾ ഓരോരുത്തരേയും സമൂഹത്തിന് നൽകിയ ദൈവത്തിന് നന്ദി അർപ്പിക്കുകയും ചെയ്യുന്നു.

സന്ന്യാസവ്രതം ഒരു പൂർണ്ണ ത്യജിക്കലും (ന്യാസം) ഒരു പൂർണ്ണ സമർപ്പണവും (ദൈവസമ്പാദനം) ആണെന്ന് നമുക്കറിയാം. സന്ന്യാസത്തിൽ ത്യജിക്കലിന്റെ ഏറ്റക്കുറച്ചിലനുസരിച്ചേ ദൈവ സമ്പാദനമെന്ന പ്രക്രിയയും പ്രാവർത്തികമാകുകയുള്ളൂ. കുപ്പിയിൽ നിന്ന് മാറ്റുന്ന വെള്ളത്തിന്റെ തോതനുസരിച്ചല്ലേ വായു നിറയുക യുള്ളൂ. ഇന്ന് പ്രാവർത്തിക സന്ന്യാസത്തിന് എന്തെങ്കിലും ഇടിവു തട്ടുന്നുണ്ടെങ്കിൽ വെള്ളവും ചെളിയും നിറഞ്ഞ കുപ്പിയിൽ ശുദ്ധവായു അടിച്ചുകയറ്റാൻ ശമിക്കുന്നതിന്റെ ഫലമല്ലേ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു. ഭൗതികശാസ്ത്രമനുസരിച്ച് ഒരു സ്ഥലത്ത് ഒന്നേ സ്ഥിതി ചെയ്യാൻ കഴിയുകയുള്ളല്ലോ. സന്ന്യാസികൾ ലൗകീകമായ എല്ലാറ്റി

www.malankaralibrary.com

നേയും ന്യസിക്കുമ്പോൾ ജീവിതത്തിൽ ഒരു ശൂന്യത അനുഭവപ്പെടും. ശൂന്യ അന്തരീക്ഷം സാധാരണനിലയിൽ നിലനിൽക്കുന്നില്ല; മറ്റൊരു പദാർത്ഥം കൊണ്ട് അത് നിറയ്ക്കപ്പെടണം. ഒരു സന്ന്യാസിയുടെ ധർമ്മവും മറ്റൊന്നല്ല; ലൗകീകതയെ കോമ്പ്രമൈസ് കൂടാതെ ത്യജിക്കണം. ത്യാഗത്താലുണ്ടാകുന്ന ജീവിതഇടങ്ങളിൽ ആദ്ധ്യാത്മീയ തയും ദൈവീകതയും നിറയണം. നമ്മുടെയൊക്കെ ജീവിതങ്ങൾ ആദ്ധ്യാത്മീയതയുടെ നിറകുടങ്ങളായിത്തീരുവാനാണ് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഇതിലുള്ള ഏറ്റകുറച്ചിലാണ് സന്ന്യാസിയുടെ ജീവിതത്തെ താളപ്പിഴകളിൽ കൊണ്ടെത്തിക്കുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം' എന്ന നമ്മുടെ സമൂഹസ്ഥാപകന്റെ വിശ്വപ്രഖ്യാപിതമായ വാക്കുകൾ നമുക്ക് ഉൾക്കരുത്ത് പകരട്ടെ. അനുദിനം ദൈവസമ്പാദനത്തിൽ മുന്നേറി വിശുദ്ധപദവിയിലേക്ക് നടന്നു കയറാൻ ഓരോ ബഥാനിയനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ജൂബിലി ആഘോഷിക്കുന്ന നമ്മുടെ സഹോദരങ്ങൾ മാതൃകകളായി വിശുദ്ധജീവിതം തുടർന്നും നയിക്കുവാൻ ദൈവം തമ്പുരാൻ ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

'ഇല്ല ഞാൻ സമ്പാദിച്ചി
ട്ടില്ലയൊന്നും ലോകത്തിന്റെ
യല്ലലിൽപ്പൊടിയുന്ന
കണ്ണീർ കണമെന്യേ

ഇല്ല, ഞാൻ സമ്പാദിച്ചി-
ട്ടില്ലൊന്നുമിക്കുഞ്ഞുങ്ങ-
ളുല്ലസിക്കുമ്പോളോലും-
കണ്ണീരിൻ തെളിയെന്യേ'

(ജി. ശങ്കരക്കുറുപ്പ് *ഏകസമ്പാദ്യം*)

www.malankaralibrary.com

# സന്ന്യാസജീവിതത്തിന്റെ മർമ്മങ്ങളും ആഘോഷങ്ങളും

വെരി. റവ. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി

മനുഷ്യജീവിതത്തിലുള്ള ദൈവത്തിന്റെ പ്രത്യേകമായ പ്രത്യേകമായ ഇടപെടലുകളെയാണ് ദൈവവിളിയായി നമ്മൾ മനസ്സിലാക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകളാൽ "യേശു എന്നിലേക്ക് നോക്കിയ നിമിഷത്തിന്റെ ആനന്ദമാണത്". സന്ന്യാസ പൗരോഹിത്യ ജീവിതത്തിലേക്കുള്ള വിളിം ഇവിടെ നിന്ന് ആരംഭിക്കുന്നു. "ഒരു വിളിയോടുള്ള സ്നേഹത്തിന്റെ ഒരു വിളിയോടുള്ള പ്രത്യുത്തരമാണത് (പരിശുദ്ധ ഫ്രാൻസിസ് പാപ്പ).

ദൈവവിളി സ്വീകരിച്ച് ബഥനി സന്ന്യാസ സമൂഹത്തിൽ വ്രതവാഗ്ദാനം നടത്തി, സന്ന്യാസസമർപ്പണ ജീവിത്തിൽ 50-ഉം, 25-ഉം വർഷങ്ങൾ പൂർത്തിയാക്കി സുവർണ്ണ ജൂബിലിയും, രജത ജൂബിലിയും ആഘോഷിക്കുന്ന സന്ന്യാസ സഹോദരങ്ങൾക്ക് ഹൃദയപൂർവ്വകമായ പ്രാർത്ഥനാശംസകൾ നേരുന്നു. ബഥനിയുടെ വർത്തമാനകാല ചരിത്രം എഴുതുന്നതിന് പ്രത്യേക നിയോഗം ലഭിച്ചവരാണ് ഈ സന്ന്യാസ പുരോഹിത ശ്രേഷ്ഠർ. ബഥനിയുടെ വ്യത്യസ്തമായ അപ്പസ്തോല പ്രവർത്തനങ്ങളിൽ സന്ന്യാസത്തിന്റെ സാക്ഷ്യവും മുദ്രയും പതിപ്പിച്ച് സുവിശേഷത്തിന്റെ സാക്ഷികളായി ജീവിച്ചവർ. വിദ്യാഭ്യാസ മേഖലയിൽ ആത്മസമർപ്പണം നടത്തിയ ബഹുമാനപ്പെട്ട ഡാനിയേൽ ചേന്നാത്ത് അച്ചനും, ബഥനിയുടെ വ്യത്യസ്തമായ ശുശ്രൂഷകളെ ബലപ്പെടുത്തിയ, പ്രത്യേകിച്ച് അജപാലന ശുശ്രൂഷയിൽ ഏറെ താൽപര്യത്തോടുകൂടി ഉൾച്ചേരുന്ന ബഹുമാനപ്പെട്ട ഡാനിയേൽ കടകംപള്ളി അച്ചനും, സന്ന്യാസത്തിന്റെ ആഴങ്ങളെ തൊട്ടറിഞ്ഞ അനുഭവത്തിലൂടെയും ധ്യാന ശുശ്രൂഷകളിലൂടെയും സുവിശേഷത്തെ മറ്റുള്ളവർക്കായി പങ്കുവച്ച് ജീവിതം വ്യയം ചെയ്യുന്ന ബഹുമാനപ്പെട്ട പ്ലാസിഡ് അച്ചനും സുവർണ്ണ ജൂബിലിയുടെ ആശംസകൾ.

www.malankaralibrary.com

ഏൽപ്പിക്കപ്പെട്ട നിയോഗങ്ങളിൽ കൃത്യതയോടെയും ആത്മാർത്ഥത യോടെയും കാര്യങ്ങൾ ക്രമപ്പെടുത്തുന്നതിൽ ഉത്സുകനായ ബഹുമാന പ്പെട്ട പോൾ അച്ചനും ലാളിത്യത്തിലൂടെയും തുറവിയിലൂടെയും സന്ന്യാസജീവിതത്തിന്റെ ഊഷ്മളത നിലനിർ ത്തുന്ന ബഹുമാനപ്പെട്ട തോമസ് സത്യനച്ചനും കാർക്കശ്യത്തോടെയും എന്നാൽ കൂട്ടായ്മ യുടെ പിൻബലത്തിലും അതിന്റെ സന്തോഷത്തിലും തീരുമാനങ്ങളെടു ക്കുകയും ധീരമായി പ്രാവർത്തികമാക്കുകയും ചെയ്യുന്ന ബഹുമാന പ്പെട്ട ക്രിസ്റ്റഫർ അച്ചനും ഇനിയും യൗവനത്തിന്റെ ആവേശം അണഞ്ഞുപോകാതെ മുന്നേറുവാനുള്ള പ്രാർത്ഥനാ ഭാവുകങ്ങൾ ആശംസിക്കുന്നു.

നമ്മുടെ പ്രവർത്തനങ്ങളുടെ സ്ഥിതി വിവരകണക്കുകൾ പരിശോധിക്കുവാനുള്ള അവസരമല്ല ജൂബിലി വർഷം. മറിച്ച് വ്രതവാഗ്ദാനത്തിൽ ദൈവതിരുമുമ്പാകെ സ്ലീബായുടെ അടയാളം മുദ്രകുത്തി, സഭയുടെയും, സമൂഹത്തിന്റെയും മുൻപാകെ പ്രഘോഷിച്ച പ്രതിജ്ഞാ പത്രത്തിന്റെ നേർകാഴ്ചകൾ കാണുവാനുള്ള സമയ മാണിത്. സന്ന്യാസത്തിന്റെ മർമ്മങ്ങളെ തൊട്ടറിഞ്ഞ ഈ സന്ന്യാസ വൈദിക ശ്രേഷ്ഠരിലൂടെ തുടർന്നും സഭയിലും സമൂഹത്തിലും നിർമ്മലമായ സന്ന്യാസത്തിന്റെ സാക്ഷ്യവും, വിശുദ്ധിയുടെ സുഗന്ധവും പരക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



www.malankaralibrary.com

# ദൈവകരുണയുടെ അമ്പതുവർഷം



ഫാ. ഡാനിയേൽ ചേന്നാത്ത് ഒ.ഐ.സി.

സന്ന്യാസസമർപ്പണജീവിതത്തിൽ 50 വർഷം പൂർത്തിയാക്കുമ്പോൾ ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന് നന്ദി അർപ്പിക്കുന്നു.

പരിശീലനം തുടങ്ങുമ്പോൾ ഞങ്ങൾ 15 പേരുണ്ടായിരുന്നു. അതിൽ മൂന്നുപേരൊഴികെ ബാക്കിയെല്ലാവരും പരിശീലനത്തിന്റെ വിവിധഘട്ടങ്ങളിൽ സമൂഹം വിട്ടുപോയി. ബഹു.ഡാനയേൽ കടകംപള്ളിലച്ചൻ ദൈവശാസ്ത്രപഠനം ആലുവായിലായിരുന്നതുകൊണ്ട് അവസാനഘട്ടംവരെ പ്ലാസിഡച്ചനും ഞാനുമാണ് ഒരുമിച്ചുണ്ടായിരുന്നത്.

പൂനായിൽ റെക്ടേഴ്സ് പലരും മാറിമാറി വന്നെങ്കിലും ദീർഘകാലം ബ്രദർ ക്ലെമന്റ് അവിടെ ഉണ്ടായിരുന്നതുകൊണ്ട് ഒരു കുടുംബാന്തരീക്ഷം അവിടെ നിലനിന്നുപോന്നു.

നെടുമങ്ങാട് പ്രദേശത്തു പ്രവർത്തിക്കുമ്പോൾ അവിടുത്തെ ചെറിയ കെട്ടിടത്തിൽ ഞങ്ങൾ 5 പേർ വളരെ ഐക്യത്തോടെയായിരുന്നു, സന്തോഷത്തോടെയായിരുന്നു കഴിഞ്ഞത്. അന്ന് ബഹു.ചാൾസ് അച്ചനോടൊപ്പമുള്ള വാസം പ്രോവിൻസ് തിരിഞ്ഞുകഴിഞ്ഞും ഞങ്ങളുടെ റീട്ടയർമെന്റ് വരെ റാന്നിയിൽ തുടർന്നിരുന്നു. അച്ചനോടൊപ്പമുള്ള ദീർഘകാലത്തെ ജീവിതം ഏറ്റവും ഹൃദ്യമായ അനുഭവമായി നിലനില്ക്കുന്നു.

കർണാടകമിഷന്റെ ആദ്യകാലങ്ങളിൽ തന്നെ ഞാനും അവിടെ

www.malankaralibrary.com


നിയമിതനായി. ഇലക്ട്രിസിറ്റി, ടെലിഫോൺ എന്നിവയൊന്നും ഇല്ലാതിരുന്ന കാലമായിരുന്നെങ്കിലും അവിടുത്തെ ആശ്രമാംഗങ്ങളുടെ സൗഹൃദം പ്രശ്നമല്ലാതായി. അന്നു നമ്മുടെ ഉടമസ്ഥതയിലായിരുന്ന സകലേശ്പൂർ തോട്ടത്തിലേക്ക് ഇട യ്ക്കൊക്കെ പോകുമായിരുന്നു. ബഹു.വർഗ്ഗീസ് തറമുട്ടമച്ചൻ കാപ്പി ക്കുരു പൊടിപ്പിച്ചു പായ്ക്ക് ചെയ്തു ഞങ്ങൾക്ക് തന്നുവിടുമായിരുന്നു. പിൽക്കാലത്ത് ഞങ്ങൾ റാന്നിയിൽ ഒരുമിച്ചായിരുന്നു പ്രവർത്തിച്ചിരു ന്നത്. അക്കാലത്തും അച്ചന്റെ സ്നേഹവും കരുതലും അനുഭവിക്കാൻ കഴിഞ്ഞിരുന്നു. വ്യത്യസ്തമായ രണ്ടുതലങ്ങളിലുള്ള വിദ്യാഭ്യാസ മേഖലകളിലാണ് ഞാൻ പ്രവർത്തിച്ചിരുന്നത്. സാമ്പത്തികമായി പിന്നോട്ടുനില്ക്കുന്ന കുട്ടികൾ കൂടുതലായി പഠിക്കുന്ന മേഖലയിലെ പ്രവർത്തനമാണ് എനിക്ക് കൂടുതൽ ആത്മസംതൃപ്തി നല്കിയിരു ന്നത്. അന്നൊക്കെ കൂടുതലായും കുട്ടികളുടെ പെരുമാറ്റ രീതികൾ ശ്രദ്ധിച്ചാൽ മതിയായിരുന്നു. ഇപ്പോൾ രക്ഷാകർത്താക്കളുടെ പെരുമാറ്റരീതിയും ശ്രദ്ധിക്കേണ്ടതുണ്ട്.

ഏതെങ്കിലുമൊരംഗം ഒരു പ്രതിസന്ധിയിലായാൽ സമൂഹാം ഗങ്ങൾ ആ വ്യക്തിയുടെ സഹായത്തിനെത്തുന്ന അനുഭവമാണ് ഞാൻ കാണുന്നത്. ആ അനുഭവമാണ് നമ്മെ ശക്തിപ്പെടുത്തുന്നത്. സമൂഹാംഗങ്ങൾ എനിക്കു നല്കുന്ന സ്നേഹവും കരുതലും നന്ദിയോടെ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ●



www.malankaralibrary.com

# ദൈവകൃപയ്ക്കു നന്ദി...



ഫാ. ഡാനിയേൽ കടകംപള്ളിൽ ഒ.ഐ.സി

സന്ന്യാസമെന്നതു എല്ലാവരെയും സ്നേഹിക്കൽ ആയിരിക്കണം. മറ്റുള്ളവരുടെ ദുഃഖവും സന്തോഷവും എന്റെ ദുഃഖവും സന്തോഷവുമായി മാറണം. അതുപോലെ സന്ന്യാസം നിയോഗിക്കപ്പെട്ടിരിക്കുന്ന വിളിയോടുള്ള അർപ്പണമാണ്. ഇതിനു പലപ്പോഴും കോട്ടം സംഭവിച്ചേക്കാം. അതുവഴി പ്രവർത്തന മേഖലകളിൽ കുറവുകളും ഉണ്ടാകാം. അതിനാൽ ഓരോരുത്തരും തങ്ങളുടെ വിളിയോടും പ്രതിബന്ധതയും ആത്മാർത്ഥതയും ഉണ്ടായിരിക്കണം.

1975 ഡിസംബർ 26ന് ഞാൻ പട്ടം സ്വീകരിച്ചു. മാർച്ച് മാസം ആലുവ ആശ്രമത്തിൽ ആദ്യത്തെ Appointment ലഭിച്ചു. അവിടെ എനിക്കു ലഭിച്ച എന്റെ പ്രധാനപ്പെട്ട ജോലിയെന്ന് പറയുന്നത് നോവിഷ്യേറ്റ് പണിയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം ആയിരുന്നു. ഒരു നവവൈദികൻ എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വം ചെയ്യുന്നതിൽ വളരെയേറെ ആശങ്കകൾ എന്നിലുമുണ്ടായിരുന്നു വെങ്കിലും ബഹു.പക്കോമിയോസ് അച്ചന്റെയും ബഹു.ജെറോം അച്ചന്റെയും പ്രോത്സാഹനം എന്റെ സന്ന്യാസ പ്രവർത്തന മേഖലകളിൽ ഉത്തേജനം നൽകിയിട്ടുണ്ട്. പ്രത്യേകിച്ച് സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും അതു വളർത്തിയെടുക്കുന്നതിനും എന്നെ പ്രോത്സാഹിപ്പിച്ച രണ്ട് വൈദിക ശ്രേഷ്ഠരാണ് ഇവർ. ഈ ഒരു പ്രോത്സാഹനത്തിന്റെയും കരുതലിന്റെയും അടിസ്ഥാനത്തിലാണ് എന്റെ സന്ന്യാസജീവിതത്തിലും പ്രവർത്തന മണ്ഡലങ്ങളിലും എല്ലാം എനിക്ക് വളരെ ആർജ്ജവത്വത്തോടെ പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഞാൻ ഏതെല്ലാം ആശ്രത്തിൽ പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം

www.malankaralibrary.com

സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ള സന്ദർഭങ്ങളിൽപോലും അവിടെ ഒരു ഉയർച്ച ലഭിക്കുന്നതിനുവേണ്ടിയുളള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് എനിക്ക് സാധിച്ചു.

പ്രത്യേകിച്ച് നാലാഞ്ചിറ സുപ്പീര്യർ ആയിരുന്ന 86, 89 കാലഘട്ടത്തിൽ അവിടുത്തെ ബുദ്ധിമുട്ടുകൾ ശരിക്കും മനസിലാക്കിയതുകൊണ്ടും അതിനു ഒരു പരിഹാരം ആവശ്യം ആണ് എന്നു മനസിലാക്കിയതുകൊണ്ടും ആണ് ഇന്ന് പ്രവർത്തിക്കുന്ന കോളേജും, ഹോസ്റ്റലും തുടങ്ങുന്നതിനും അവിടുത്തെ ഉണങ്ങിപ്പോയ തെങ്ങുകൾ മാറ്റി റബർതോട്ടം ഉണ്ടാക്കുന്നതിനും ഒക്കെ വഴി ഒരുക്കിയത് ഒരു പ്രചോദനം ആണ്.

എന്റെ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ പ്രവർത്തിക്കാൻ ആഗ്രഹിച്ചിട്ടുള്ളത് മിഷൻ കേന്ദ്രങ്ങളിൽ ആണ്. സാധാരണക്കാരായ ആളുകൾ, പാവപ്പെട്ട മനുഷ്യരുമായി ബന്ധപ്പെട്ട് അവരുടെ ആത്മീയമായ വളർച്ചയ്ക്കും, ലൗകികമായ വളർച്ചയ്ക്കും ഉതകുന്ന രീതിയിൽ പ്രവർത്തിക്കുക എന്നതായിരുന്നു. അത് ഒരു പരിധിവരെ എനിക്കു സാധിച്ചിട്ടുണ്ട്. ബത്തേരി രൂപത, തിരുവല്ല, തിരുവനന്തപുരം മേജർ അതിരൂപതാ പ്രത്യേകിച്ച് നെടുമങ്ങാട് മിഷൻ കേന്ദ്രങ്ങളിൽ വർഷങ്ങളോളം ജോലി ചെയ്യുവാനായിട്ട് എനിക്കു സാധിച്ചു. ഇത് എന്റെ ജീവിതത്തിലെ വലിയ സന്ന്യാസ അനുഭവമായി എനിക്കു തോന്നിയിട്ടുണ്ട്. കാരണം വൈദീക ജീവിതവും, സന്ന്യാസ ജീവിതവും ഒന്നിച്ചു കോർത്തിണക്കി പാവപ്പെട്ട മനുഷ്യരുടെ ഇടയിൽ പ്രവർത്തിക്കുന്നതിൽ എനിക്കു സാധിച്ചു.

സന്ന്യാസ ജീവിതത്തിലേക്ക് പ്രവേശനം നൽകിയ ജോൺ കുഴിനാപ്പുറത്ത് അച്ചനെ ഒരിക്കലും എനിക്ക് മറക്കാൻ സാധിക്കയില്ല. സ്നേഹവും, വാത്സല്യവും, strict ആയ ഒരു ജീവിതശൈലിയും അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ എനിക്കു പഠിക്കുവാനായി സാധിച്ചു. ഒരുപക്ഷേ അതായിരിക്കാം കമ്മ്യൂണിറ്റിയിൽ ആയിരിക്കുമ്പോൾ മറ്റുള്ളവരുമായി സ്നേഹത്തോടെ പെരുമാറുന്നതിന് എനിക്ക് പ്രചോദനം നൽകിയത്.

ഈ ലോകത്ത് ഇന്ന് ജീവിക്കണം എങ്കിൽ വലിയ വെല്ലുവിളി തന്നെയാണ്. പ്രത്യേകിച്ച് ബഥനി സന്ന്യാസ ജീവിതശൈലി. മാർ ഈവാനിയോസ് പിതാവ് ഏത് ലക്ഷ്യത്തോടെയാണോ സന്ന്യാസ

സമൂഹം ആരംഭിച്ചത് ആ ലക്ഷ്യപൂർത്തീകരണമാണ് നമ്മൾ ലക്ഷ്യം വെക്കേണ്ടത്. ഈവാനിയോസ് പിതാവിന്റെ ശബ്ദം പുറംലോകത്തിന് കൊടുക്കാൻ സാധിക്കുന്നത് നമ്മൾ വഴിയാണ്. അതിനായി നാം ഒരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മിഷൻ കേന്ദ്രങ്ങളിൽ ഉള്ള നമ്മുടെ പ്രവർത്തനവും സന്ന്യാസവും കോർത്തിണക്കുമ്പോൾ ഉണ്ടാകുന്ന ജീവിതവിജയം അതു നമ്മൾ വിചാരിക്കുന്നതിലും അപ്പുറമാണ്. അത് മനുഷ്യരുടെ ഇടയിൽ വലിയ ദൈവീകചിന്ത കൊടുക്കുവാനായിട്ട് നമുക്ക് സാധിക്കും. ഇതാണ് എന്റെ ജീവിതത്തിൽ എനിക്ക് അനുഭവിക്കാനായിട്ട് സാധിച്ചിട്ടുള്ളത്.

എന്തൊക്കെ തിക്താനുഭവങ്ങൾ ഉണ്ടായാലും നമുക്ക് അതിനെ മറികടക്കുവാൻ പ്രേരണ നൽകുന്നത് ഈ വലിയ ചിന്തയാണ്. ദൈവേഷ്ടം അനുസരിച്ചു ജീവിക്കുക. തീർച്ചയായിട്ടും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അവയെല്ലാം എനിക്കു വിജയത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടുള്ളത് ഈ ഒരു ചിന്തയിലൂടെയാണ്.

ബഥനിയിലേക്കാണ് ദൈവം എന്നെ വിളിച്ചത്. മറ്റൊരിടത്തേക്കല്ല. ആ ബോധ്യം എന്നിൽ എപ്പോഴും ഉണ്ട്. അതുകൊണ്ടുതന്നെ സന്ന്യാസജീവിതത്തിൽ 100% ജീവിക്കുന്നതിൽ എനിക്കു സാധിച്ചിട്ടുണ്ട്. സന്ന്യാസജീവിതത്തിൽ 100% സന്തോഷം എനിക്കുണ്ട്. അത് ദൈവത്തിന്റെ ദാനം ആണ്. ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവത്തിന്റെ ദാനമാണ്. ദൈവം എന്റെ ജീവിതത്തിൽ ഒത്തിരി നന്മകൾ ചൊരിഞ്ഞിട്ടുണ്ട്. ഞാൻ വിചാരിക്കാത്ത തരത്തിലുള്ള നന്മകൾ അതിനെല്ലാം ദൈവത്തോടു നന്ദി പറയുന്നു.


സന്ന്യാസത്തിന്റ 50-ാം വർഷം ആചരിക്കുമ്പോൾ കൂടുതൽ ദൈവത്തോടു അടുക്കുവാൻ പരിശ്രമിക്കുന്നു. എന്റെ വേദനകളിൽ, പ്രയാസങ്ങളിൽ, ദുഃഖത്തിലും, സന്തോഷത്തിലുമൊക്കെ ദൈവം എന്നെ വഴി നടത്തുന്നു. ദൈവകൃപയ്ക്ക് നന്ദി ദൈവത്തിന്റെ മുമ്പിൽ എന്നെ പൂർണ്ണമായി സമർപ്പിക്കുന്നു. ദൈവം ആ സമർപ്പണം സ്വീകരിക്കട്ടെ.

*(തയ്യാറാക്കിയത്: ഫാ. ജോർജ്ജ് സോളമൻ ഒ.ഐ.സി)*

www.malankaralibrary.com

# 'വെറുതെ'

ഫാ. പ്ലാസിഡ് തോമ്പിലടിമുറിയിൽ ഒ. ഐ. സി.



"ഒടുവിലീവാഴ്‌വിന്റെ ബാക്കിപാത്രം
ഒരുവാക്കിൽ ഞാൻ കുറിക്കാം – 'വെറുതെ!'

ഒ.എൻ.വി.യുടെ ഒരു കവിതയുടെ
പേരാണ് 'വെറുതെ.'
സന്ന്യാസസമർപ്പണത്തിന്റെ
അൻപതാം പിറന്നാൾ
ആഘോഷിക്കുമ്പോൾ
മനസ്സിൽ വെളിച്ചം പരത്തുന്ന
വാക്കാണ് 'വെറുതെ'.

ഇപ്പോൾ 'വെറുതെ'യെന്ന
വാക്കിനുചുറ്റും മനസ്സ്
പ്രദക്ഷിണം ചെയ്യുന്നു.

മനസ്സിൽ വാക്കുറപ്പിക്കാനാണ്
ആദ്യം ശ്രമിച്ചത്.
മനസ്സിൽനിന്ന് വാക്കുകൾ
തെന്നിമാറുന്ന വിസ്മയത്തിന്
പേരിടാനായില്ല.

പിന്നെ, മനസ്സ് വാക്കിലുറയ്ക്കുമോ
എന്നു പരീക്ഷണം!
ചിത്രശലഭംപോലെ മനസ്സ്
വാക്കിൽനിന്ന്
തെന്നിമാറിയതും വിസ്മയം.

യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി
ജോർദാനിൽ നിന്നു മടങ്ങി.
ആത്മാവ് അവനെ
മരുഭൂമിയിലേക്കു നയിച്ചു

ആത്മനിറവിന്റെ അർത്ഥം
മരുഭൂമിയെന്നാണ്
ജഠരാഗ്നി കത്തിപ്പടർന്നപ്പോൾ
മരുഭൂമി വാക്കിന്റെ പിറവി
ആഘോഷിച്ചു.
മരുഭൂമിയിൽ വാക്കിന്റെ
സമൃദ്ധഭോജനം
ഉപവാസമാണെന്നു വെളിപാട്

മരുഭൂമി യജ്ഞ ഭൂമിയാണ്;
സന്ന്യാസം സർവ്വാംഗഹോമയാഗമെന്ന്
മാർ ഈവാനിയോസ്.
മാംസം കരിഞ്ഞു തുടങ്ങിയപ്പോൾ
മരുഭൂമിയുടെ സുഗന്ധം-
ബ്രഹ്മചര്യം.
ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ
അവർ ദൈവത്തെ കാണും.

www.malankaralibrary.com

നിസ്വതയുടെ പാഠങ്ങൾ
ചൊല്ലിക്കൊടുത്ത്
അവൻ മലമുകളിലൂടെ
സഞ്ചരിച്ചു.

വലയും വള്ളവും ഉപേക്ഷിച്ച്
അവന്റെ കാലടിപ്പാടുകൾ തേടി
മല കയറുമ്പോൾ
ഭാണ്ഡക്കെട്ടുകളൊന്നും കരുതിയില്ല;
വള്ളത്തിൽ അപ്പൻ തനിയെയാണെന്നും
ഓർത്തില്ല.
കണ്ടതെല്ലാം 'വെറുതെ,'
കേട്ടതെല്ലാം 'വെറുതെ,'
ദാരിദ്ര്യത്തിന്റെ സൗഭാഗ്യം!

ലോകത്തിൽ ലോകത്തന്റേതല്ലാതെ
അഹം അഗ്നിനാളങ്ങളായി
ജ്വലിച്ചു നില്ക്കെ,
കീഴടങ്ങുക, കീഴടങ്ങുക എന്ന
അശരീരി.
സന്മനസ്സുള്ളവരുടെ സമാധാനം.

ഹിരണ്മയേന പാത്രേണ
സത്യസ്യാപിഹിതം മുഖം
തത്ത്വം പൂഷണപാവൃണം
സത്യധർമ്മയായ ദൃഷ്ടയേ.

ഒടുവിലീവാഴ്‌വിന്റെ ബാക്കിപാത്രം
ഒരുവാക്കിൽ ഞാൻ കുറിക്കാം – 'വെറുതെ,'

www.malankaralibrary.com

# നമ്മുടെ ജൂബിലേറിയന്മാർ പ്രതിഭാധനർ

ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

സ്ഥാപനത്തിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന അനുഗ്രഹീതമായ സന്ന്യാസസഭയുടെ (Order of the Imitation of Christ) പ്രതിഭാധനരായ ആറുമക്കൾ ജൂബിലിയിലേക്ക് പ്രവേശിക്കുന്നു. അദ്ധ്യാപകവ്യക്തിത്വം എന്ന് വിശേഷിപ്പിക്കാവുന്ന റവ.ഫാ.ഡാനിയേൽ ചേന്നാത്ത്, പ്രായോഗികതയുടെ വ്യക്തിത്വം എന്ന് കരുതാവുന്ന റവ.ഫാ.ഡാനിയേൽ കടകംപള്ളി, സാഹിത്യവാഗ്മിത്വങ്ങളുടെ വിശിഷ്ഠവ്യക്തത്വമായ റവ.ഫാ. പ്ലാസിഡ് തോമ്പിലടിമുറിയിൽ എന്നിവരാണ് സന്ന്യാസവ്രതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്നത്. കർത്താവിന് നന്ദി പറയുവിൻ, അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം അനന്തമാണ് (സങ്കീ 136:1).

### രജതജൂബിലി നിറവിൽ

ഇപ്പോൾ ജർമ്മനിയിൽ ശുശ്രൂഷചെയ്യുന്ന റവ.ഫാ.പോൾ കൈതവന, സൗത്ത് കാനറയിലായിരിക്കുന്ന റ.ഫാ.സത്യൻ നടുവിലേടത്ത്, വേങ്കോട്ട് പ്രവർത്തിക്കുന്ന റവ.ഫാ.ക്രിസ്റ്റഫറ് മണലിൽ എന്നിവരാണ് സന്ന്യാസവ്രതത്തിന്റെ രജതജൂബിലി നിറവിലായിരിക്കുന്നത്. വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച ഇവർ സന്ന്യാസ സമൂഹത്തിന്റെയും സഭമുഴുവന്റെയും പ്രശംസയും കൃതജ്ഞതയും അർഹിക്കുന്നവരാണ്. എല്ലാ ജൂബിലേറിയൻസിനും പ്രാർത്ഥനാ നിർഭരമായ ജൂബിലി ആശംസകൾ അർപ്പിക്കുന്നു. ഭാവുകങ്ങൾ നേരുന്നു. കൃതജ്ഞതാ സ്തോത്രങ്ങൾ ദിവ്യനാഥന്റെ പാദങ്ങളിൽ ആദരപൂർവ്വം അർപ്പിക്കുന്നു.

### റവ.ഫാ.ഡാനിയേൽ ചേന്നാത്ത് ഒ.ഐ.സി.

കോന്നി, അട്ടച്ചാക്കൽ ഇടവകയിൽ ചേന്നാത്ത് ശ്രീമാൻ യോഹന്നാന്റെയും ശ്രീമതി അന്നമ്മയുടെയും മകനായി ഡാനിയേൽ

ജനിച്ചു (8-4-1950) 1966-ൽ സ്കൂൾ പഠനം (SSLC) പൂർത്തിയാക്കി തിരുവല്ലാ ആശ്രമത്തിൽ ആസ്പിരൻസി, പോസ്റ്റുലൻസി ഇവ പൂർത്തിയാക്കി. 1967-ൽ തിരുവനന്തപുരത്ത് വലിയ ജോണച്ചന്റെ (റവ.ഫാ.ജോൺ കുഴിനാപ്പുറത്ത്) നേതൃത്വത്തിൽ നോവിഷ്യേറ്റ് പൂർത്തിയാക്കി. 1968 മെയ് 9-ാം തീയതി പ്രഥമവ്രതവാഗ്ദാനം നടത്തി. തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ പ്രീഡിഗ്രി പൂർത്തിയാക്കി. പൂനാ ജ്ഞാന ദീപ വിദ്യാപീഠത്തിൽ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദമെടുത്തു. കറ്റാനം ബോർഡിംഗിൽ വാർഡനായിട്ടായിരുന്നു റീജൻസിക്കാലം. കോട്ടയം ബഥനി ജനറലേറ്റ് ആശ്രമത്തിൽവച്ച് പുണ്യശ്ലോകനും ഭാഗ്യസ്മരണാർഹനുമായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് 1967 ഒക്ടോബർ 14-ാം തീയതി വൈദികനായി അഭിഷിക്തനായി.

### സേവനസപര്യ

1967-1977 കാലത്ത് കോട്ടയം ആശ്രമത്തിൽ അംഗമായിരുന്നു കൊണ്ട് കീച്ചാൽ, മാലം ഇടവകകളുടെ അസിസ്റ്റന്റ്, വികാരിയായി ശുശ്രൂഷ ചെയ്തു. 1977-1978 കാലത്ത് തിരുവനന്തപുരം ആശ്രമത്തിൽ ജൂണിയർസ് റെക്ടറായും പ്രൊക്യുറേറ്ററായും പ്രവർത്തിച്ചു. നെടുമങ്ങാട് ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. 1979-90 കാലത്ത് കുമ്പഴ ആശ്രമത്തിൽ അംഗമായിരുന്നുകൊണ്ട് കുമ്പഴ ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി സേവനം അർപ്പിച്ചു. 1980+1983 കാലഘട്ടത്തിൽ നെടുമങ്ങാട് ബഥനി ആശ്രമത്തിൽ അംഗമായിരുന്നു കൊണ്ട് യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി.എ. (B.A.) ബിരുദവും പിന്നീട് എം.എ.യും സി.എസും പൂർത്തിയാക്കി നെല്ലിയാടിയിലും റാന്നിയിലും മറ്റ് നമ്മുടെ സ്കൂളുകളിലും അദ്ധ്യാപകനായി സ്തുത്യർഹസേവനം നിർവ്വഹിച്ചു. റാന്നിയിലെ എയ്ഡഡ് സ്കൂളിലായിരുന്നു. കൂടുതൽ വർഷം അദ്ധ്യാപകനായിരു ന്നത്. ചുനക്കരയിലും കലയപുരത്തും അദ്ദേഹം അദ്ധ്യാപകനായി ട്ടുണ്ട്. ഇതിനിടെ യൂറോപ്പ് സന്ദർശിക്കാനും അദ്ദേഹത്തിന് സാധിച്ചു. സ്വന്തം സഹോദരിയും കുടുംബവും ജർമ്മനിയിലായിരുന്നു. ഈ ലേഖകൻ പാരീസിലായിരുന്നപ്പോൾ അദ്ദേഹം പാരിസ് സന്ദർശന ത്തിന് കടന്നുവന്നത് സന്തോഷത്തോടെ അനുസ്മരിക്കുന്നു. പിന്നീട് അടുത്ത കുറെക്കാലം മുക്കമ്പാല ആശ്രമത്തിന്റെ സുപ്പീരിയറും സമീപ

www.malankaralibrary.com

ദൈവാലയങ്ങളുടെ വികാരിയായും മാർ ഈവാനിയോസ് ബഥനി ഹയർസെക്കന്ററി സ്കൂളിന്റെ പ്രിൻസിപ്പലായി ചുമതലയേറിയിരിക്കയാണ്.

## സാധാരണക്കാരിലേക്ക്

സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുവാൻ എപ്പോഴും സഹകരിച്ചുപോകാൻ സദാസന്നദ്ധതയുള്ള ഒരു സന്ന്യാസ വൈദിക ശ്രേഷ്ഠനാണ്. വ്യക്തിപരമായി എന്റെ ഒരു അടുത്ത സുഹൃത്തും ചുമതലയിലായിരുന്ന എല്ലാ സ്ഥലത്തും മികച്ച സേവനം കാഴ്ചവച്ചിട്ടുള്ള അദ്ധ്യാപക വ്യക്തിത്വമാണ് ഫാ.ഡാനിയേൽ ചേന്നാത്ത്. ബഹു. അച്ചന്റെ സന്ന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാവിധ അനുഗ്രഹങ്ങളും ആശംസിക്കുന്നു. “ഞാൻ കർത്താവിന് കൃതജ്ഞതാ ബലി അർപ്പിക്കും. ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും” (സങ്കീ 116:17).

## റവ:ഫാ.ഡാനിയേൽ കടകംപള്ളിൽ ഒ.ഐ.സി.

ക്രിസ്താനുകരണ ബഥനി സന്ന്യാസസഭയുടെ പ്രൊക്കുറേറ്റർ, ജനറൽ, നാലാഞ്ചിറ ബഥനി ദയറായുടെ സുപ്പീര്യർ, നെടുമങ്ങാട് ഡിസ്ട്രിക്റ്റ് വികാരി, നാലാഞ്ചിറ ബഥനി കോളേജ് പ്രിൻസിപ്പൽ എന്നീ സ്ഥാനങ്ങൾ വഹിക്കുകയും എല്ലാ പദവികളോടും സംഭാവനകൾ കൂട്ടിച്ചേർക്കുകയും ചെയ്ത വ്യക്തിത്വമാണ് റവ.ഫാ.ഡാനിയേൽ കടകംപള്ളിൽ ഒ.ഐ.സി.

## കർമ്മകുശലൻ

1950 ജനുവരി 19-ാം തിയതി പുത്തൂരിൽ (കൊട്ടാരക്കര) കടകംപള്ളിൽ ശ്രീമാൻ ഉമ്മന്റെയും ശ്രീമതി മറിയാമ്മയുടെയും ഡാനയേൽ ജനിച്ചു. 1966-ൽ തിരുവല്ലാ ബഥനി ആശ്രമത്തിൽ പ്രവേശിച്ച് ആസ്പിരൻസിയും പോസ്റ്റുലൻസിയും പൂർത്തിയാക്കി. റവ.ഫാ.സേവ്യർ സുപ്പീര്യറും, റവ.ഫാ. ബർണാർഡ് ഗുരുവും (മാസ്റ്റർ) ആയിരുന്നു. തുടർന്ന് നാലാഞ്ചിറ ആശ്രമത്തിൽ നവശിഷ്യപരിശീലനം പൂർത്തിയാക്കി. ബഹു.ജോൺ കുഴിനാപ്പുറത്തച്ചൻ നവശിഷ്യഗുരുവും ബഹു.ബർണാർഡച്ചൻ അസിസ്റ്റന്റ് നോവിസുമാസ്റ്ററായിരുന്നു. പൂനാ ജ്ഞാനദീപവിദ്യാപീഠത്തിൽ ഫിലോസഫിയും

www.malankaralibrary.com

ആലുവാ പൊന്റിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രവും (B.Th) പഠിച്ച ഫാ. ഡാനിയേൽ നാലാഞ്ചിറ ദയറാ ആശ്രമത്തിലാണ് റീജൻസി നടത്തിയത്.

## വൈദികാഭിഷേകം കറ്റാനത്ത്

കറ്റാനം ബഥനി ആശ്രമത്തിന്റെ ചുമതലയിലായിരുന്നു കറ്റാനം സെന്റ് സ്റ്റീഫൻ ദൈവാലയത്തിൽവച്ച് 1975 ഡിസംബർ 26-ാം തീയതി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദികാഭിഷേകം സ്വീകരിച്ചു. റവ.ഫാ.കോശി കാക്കനാട്ട് ഒ.ഐ.സി. യാണ് ഇന്നത്തെ കറ്റാനം ദൈവാലയം പണിയിച്ചത്. ആ ഇടവകയിൽ നിന്ന് ബഹു.ബോസ്കോ അച്ചനും ബഹു.അസ്സീസ്സി അച്ചനും ഉൾപ്പെടെ ആറിലധികം വൈദികർ ബഥനി ആശ്രമസ്ഥരായുണ്ട്.

## ആലുവയിൽ ആരംഭം

ബഹു. ഡാനിയേൽ കടകം പള്ളിലച്ചന്റെ മൂത്ത സഹോദരൻ റവ.ഫാ.മാത്യു കടകംപള്ളിൽ അച്ചൻ തിരുവനന്തപുരം മേജർ അതിരൂപതയിലെ ശ്രേഷ്ഠവൈദികനണ്. 1976-1977 കാലത്ത് ബഹു. ഡാനിയേൽ അച്ചൻ ആലുവ ആശ്രമത്തിന്റെ (നൊവിഷ്യേറ്റ് ഹൗസ്) നിർമ്മാണത്തിൽ നിർണായക പങ്കുവച്ചു. 1966-ൽ ബഹു.ഗബ്രിയേൽ തെക്കേടവിൽ അച്ചന്റെ നേതൃത്വത്തിലാണ് ആലുവായിലെ ആശ്രമസ്ഥലം സമൂഹത്തിനായി വാങ്ങുന്നത്. ബഹു.ജേക്കബ് പെരുമ്പ്രാലച്ചനായിരുന്നു സുപ്പീര്യർ ജനറൽ (1965-1074). ബഹു.സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി (മോറാൻ മോർ ബസേലിയോസ് സിറിൽ കാതോലിക്കാബാവാ, മേജർ ആർച്ച് ബിഷപ്പ്)ന്റെ പരിശ്രമത്താലാണ് അതിനായുള്ള പണം സമാഹരിക്കാൻ സാധിച്ചത് എന്നും കൃതജ്ഞതാപുരസ്സരം അനുസ്മരിക്കാം. ആലുവാ ആശ്രമത്തിൽ ആയിരിക്കുമ്പോൾ ആലുവാ മലങ്കര കത്തോലിക്കാപ്പള്ളിയുടെ വികാരിയായും ബഹു.അച്ചൻ പ്രവർത്തിച്ചു. 1977-1978 കോട്ടയം ആശ്രമത്തിൽ അംഗമായിരുന്നുകൊണ്ട് കളത്തിപ്പടി ദൈവാലയ ത്തിന്റെ സഹവികാരിയായും ബഹു.അച്ചൻ ശുശ്രൂഷ ചെയ്തു. 1978-79 കാലത്ത് കുന്നംകുളത്തെ തോഴിയൂർ കല്ലുമ്പുറം ദൈവാലയങ്ങളുടെ വികാരിയായും ബഹു.അച്ചൻ ശുശ്രൂഷ ചെയ്തു. 1979-80 വർഷങ്ങളിൽ കോട്ടയം ആശ്രമത്തിൽ പ്രൊക്കുറേറ്ററായും കീച്ചാൽ ഇടവകയുടെ വികാരിയായും ആയിരുന്ന ബഹു. അച്ചൻ 1980-ൽ ആലുവാ

www.malankaralibrary.com

ആശ്രമത്തിൽ പ്രൊക്കുറേറ്ററായി പ്രവർത്തിച്ചു. 1982–ൽ ബോംബെയിലെ മലങ്കരക്കാരുടെ ചാപ്ലയിനായി റവ.ഫാ.ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സിയുടെ പിൻഗാമിയായി ചുമതലയേറ്റു. ബോംബെ അന്ധേരിയിൽ ഫാ.ജയിംസ് മാമ്മൂട്ടിലിന്റെ കാലത്ത് വാങ്ങിയ ജംബോ ദർശൻ ബഥനി ആശ്രമത്തിൽ ബഹു. ഡാനിയലച്ചൻ താമസമാക്കി. വെരി.റവ.ഫാ.ജോൺ ബർക്കുമാൻസ് സുപ്പീര്യർ ജനറലും റവ.ഫാ.ഇഗ്നേഷ്യസ് തങ്ങളത്തിൽ പ്രൊക്കുറേറ്റർ ജനറലുമായിരുന്ന കാലഘട്ടത്തിലാണ് രണ്ടേമുക്കാൽ ലക്ഷം രൂപായ്ക്ക് ആശ്രമത്തിനായുള്ള ഫ്ളാറ്റ് വാങ്ങുന്നത്. അറുപതിനായിരം രൂപാ ബോംബെ മലങ്കരകാത്തലിക് അസ്സോസിയേഷൻ ബഹു.ഗബ്രിയേൽ പൊസ്സേന്തിയുടെയും അഡ്വ.റ്റി.കെ. ആന്റണി തൈക്കടവിൽ (ബഹു. ഗബ്രിയേലച്ചന്റെ സഹോദരൻ) നേതൃത്വത്തിൽ സമാഹരിച്ചതാണ് ഫ്ളാറ്റ് വാങ്ങുവാൻ ഉപയോഗിച്ചത്. രണ്ടുലക്ഷത്തിപതിനയ്യായിരം രൂപായും എഴുത്ത് ചെലവും ബഥനി സന്ന്യാസസമൂഹം സ്വന്തം കൈയിൽ നിന്നെടുത്തു. ഒരു പക്ഷേ മദ്രാസിലെ പാഡി (PADI) കൂടാതെ ബാഹ്യകേരളത്തിൽ സഭയ്ക്കായി സജ്ജരായ ആദ്യസംരംഭമമാകാം പൂനാ ബഥനി ആശ്രമം. ബാഹ്യകേരളപ്രവർത്തനത്തിന്റെ നാന്ദിയായി കണക്കാക്കപ്പെടാം എന്നതിലും സംശയമില്ല.

## മുംബെയിൽ ആരംഭങ്ങൾ

1981–1982 ഘട്ടത്തിൽ ഫാ.ജയിംസ് മാമ്മൂട്ടിൽ പൂനാ സ്റ്റഡി ഹൗസിൽ (ബഥനി മേജർ സെമിനാരി) അസിസ്റ്റന്റും പ്രൊക്കുറേറ്ററുമായി പ്രവർത്തിച്ചുകൊണ്ടാണ് ഞായറാഴ്ചകളിൽ ബോബെയിൽ എത്തി വഡാല (Wadala)യിലും (ബൊറിവ്‌ലി)യിലും വി.കുർബാന അർപ്പിച്ച് പൂനായിൽ തിരിച്ചുപൊയ്ക്കൊണ്ടിരുന്നത്. ബോംബെയിൽ എത്തുമ്പോൾ ബാന്ദ്ര (BANDRA) യിലെ SVD (എസ് വി ഡി) സന്ന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിലാണ് ബഹു.ബർക്കുമാൻസച്ചൻ ഫാ. ജെയിംസ് മാമ്മൂട്ടിലിന് താമസമൊരുക്കിയിരുന്നത്. ഖാറിൽ (KHAR) താമസിച്ചിരുന്ന ശ്രീമാൻ അഡ്വ.ടി.കെ. ആന്റണിയും കുടുംബവും ബഹു.അച്ചനെ അവരുടെ കാറിൽ വഡാലയിലെത്തിക്കുമായിരുന്നു. ചിലപ്പോൾ ബസ്സിനും ട്രെയിനിനും പോകുമായിരുന്നു. ആറുമാസത്തിനുശേഷം അന്ധേരിയിൽ ഫ്ളാറ്റ് വാങ്ങിയപ്പോൾ ശനിയാഴ്ചതോറും താമസിച്ചാണ് കുർബാനയ്ക്ക് പോയിരുന്നത്.

www.malankaralibrary.com

ബഹു.ഡാനിയൽ അച്ചനാണ് അവിടെ സ്ഥിരതാമസമാക്കിയ ആദ്യത്തെ വൈദികൻ. ഒരു വർഷത്തിനുശേഷം ഫാ.ഡാനിയേൽ കടകംപള്ളിൽ കേരളത്തിലേക്കു വന്നു. 1986-ൽ അദ്ദേഹം നാലാഞ്ചിറ ആശ്രമത്തിന്റെ ദയറാ സുപ്പീര്യറായി നയമിക്കപ്പെട്ടു. റവ.ബഹു. ലൂയിസ് മൂലവീട്ടിൽ സുപ്പീര്യർ ജനറലായപ്പോഴാണ് ഈ നിയമനം. അക്കാലത്താണ് ബഹു.ബർണാഡച്ചന്റെയും ബഹു.സന്തോഷച്ച ന്റെയും ബഹു.ഇഗ്നേഷ്യസ് കടിയംകുന്നിലിന്റെയും നേതൃത്വത്തിൽ ബഥനി കോളേജും ബഥനി ഷോപ്പിംഗ് കോംപ്ലക്സും Bethany Students സെന്റ് അഥവാ (Boys Hostel) മറ്റും ആരംഭിക്കുന്നത്. ആശ്രമപുരയിട ത്തിലെ തെങ്ങുകൾ നീക്കി റബർ നട്ടതും ഇക്കാലഘട്ടത്തിലാണെന്ന് പറയാം.

## പ്രൊക്കുറേറ്റർ ജനറൽ

ബ. സേവ്യറച്ചന്റെ നിര്യാണത്തെ തുടർന്ന് ജനറലായി ബ.ഡാനി യേൽ കടകമ്പള്ളിലച്ചൻ നിയമിക്കപ്പെട്ടു. 1992-ൽ നടന്ന ജനറൽ ചാപ്റ്ററിൽ പ്രൊക്കുലേറ്റർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടതോടെ 1998 വരെ ആ ശുശ്രൂഷയിൽ ബ. അച്ചൻ പ്രവർത്തിച്ചു. 2000-ാമാണ്ടിൽ കുളപ്പട ആശ്രമത്തിലും 2001- മുതൽ 2009 വരെ നെടുമങ്ങാട് ആശ്രമസുപ്പീര്യറും ITC-യുടെ ഡയറക്ടറുമായി ബ.അച്ചൻ ശുശ്രൂഷ ചെയ്തു. നെടുമങ്ങാട് വൈദീക ജില്ലാ വികാരിയായി 2003 വരെ നേതൃത്വം കൊടുക്കാനും ബ.അച്ചൻ നിയോഗിക്കപ്പെട്ടു. 2009-2012 കാലഘട്ടത്തിൽ ബഥനി നഗർ ദയറായുടെ സുപ്പീര്യറായി ബ.അച്ചൻ പ്രവർത്തിച്ചു. 2012-2016 കാലഘട്ടത്തിൽ നാലാഞ്ചിറ ബഥനി കോളേജിന്റെ പ്രിൻസിപ്പലായും ഹോസ്റ്റലിന്റെ നേതൃത്വത്തിലും ബ.അച്ചൻ ഉണ്ടായിരുന്നു. നാലാഞ്ചിറ ആശ്രമത്തിന്റെ വസ്തുവിന് ചുറ്റും മതിലുകെട്ടിയതു തുടങ്ങി അനേകം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ബ.അച്ചന് സാധിച്ചു. വേങ്കോട് ബഥനി സ്ഥാപനങ്ങളുടെ ചുമതലയിലും സുപ്പീര്യറായും കറസ്പോണ്ടന്റായും ചുമതലയേൽപ്പിക്കപ്പെട്ട ബ.അച്ചൻ ആരോഗ്യകാരണങ്ങളാൽ ചുമതലകളിൽ നിന്ന് ഇപ്പോൾ വിശ്രമ ജീവിതം നയിച്ചുകൊണ്ട് വേങ്കോട് ആശ്രമത്തിൽ കർമ്മനിരതനായിരിക്കയാണ്. കർമ്മ കുശലതയുടെ പര്യായമായ അച്ചന് സുവർണ്ണ ജൂബിലിയുടെ അനുഗ്രഹങ്ങളും ആശംസകളും പ്രാർത്ഥനാപുരസ്സരം അർപ്പിക്കുന്നു.

www.malankaralibrary.com

## റവ.ഫാ.പ്ലാസിഡ് തോമ്പിലടിമുറിയിൽ ഒ.ഐ.സി.

സമൂഹത്തിന്റെ മുൻ നവ ശിഷ്യഗുരുവും കവിയും ഗ്രന്ഥകാരനും ധ്യാനഗുരുവും ഒക്കെയായ ബ.പ്ലാസിഡച്ചൻ സമൂഹത്തിലും സഭയിലും ശ്രദ്ധേയനാണ്. ജ്ഞാനദാസ് എന്ന തൂലികാനാമം കൂടിയുള്ള റവ.ഫാ. പ്ളാസിഡ് മേക്കോഴൂരിൽ ശ്രീമാൻ ചെറിയാൻ ശ്രീമതി മറിയാമ്മ എന്നിവരുടെ മകനായി 1948 മാർച്ച് 18ന് ജനിച്ചു. തോമ്പിലടിമുറിയിൽ കുടുംബം പിന്നീട് കുമളിയിലേക്ക് താമസം മാറ്റി. മയിലാടും പാറയെന്ന സ്ഥലത്ത് താമസമാക്കി. സ്കൂൾ ഫൈനൽ പാസായശേഷം 1966 ൽ തിരുവല്ലാ ആശ്രമത്തിൽ ചേർന്ന് നവസന്ന്യാസ പൂർവ്വ പരിശീലനം നേടി. 1967- ൽ തിരുവന്തപുരം ആശ്രമത്തിൽ നവശിഷ്യ പരിശീലനം പൂർത്തിയാക്കി. ബ.ജോൺ കുഴിനാപ്പുറത്തച്ചനും ബ. ബർണാർഡച്ചനുമായിരുന്നു ഗുരുക്കന്മാർ. 1968 മെയ് 9-ന് പ്രഥമ വ്രത വാഗ്ദാനം നടത്തി. പൂനായിൽ (J.D.V) സെമിനാരിയിൽ പഠിച്ച് ഫിലോസഫിയിലും തിയോളജിയിലും (B.Ph & B.Th) ബിരുദങ്ങൾ നേടി. കറ്റാണത്ത് ബോർഡിംഗിൽ റീജൻസിയും നടത്തി. 1976 ഒക്ടോബർ 10 ൽ കോട്ടയത്തെ ആശ്രമത്തിൽ വെച്ച് പുണ്യശ്ലോകനായ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസിൽ നിന്ന് വൈദികാഭിഷേകം പ്രാപിച്ചു.

### പ്രഭാഷകൻ, കവി

വൈദീകനായ ശേഷം തിരുവല്ലാ ആശ്രമത്തിൽ വൊക്കേഷൻ പ്രൊമോട്ടർ ബഥനി സന്നദ്ധ സംഘത്തിന്റെ ആത്മീയ ഉപദേഷ്ടാവ് (അസിസ്റ്റന്റ്) കല്ലുങ്കൽ ഇടവകയുടെ വികാരി, ബഥനി ബുക്ക് സെന്ററിന്റെ മാനേജർ തുടങ്ങിയ പദവികൾ വഹിച്ച് ശുശ്രൂഷ ചെയ്തു. ചങ്ങനാശ്ശേരി S.B കോളേജിൽ മലയാളം ബിരുദത്തിന് പഠിച്ച് പൂർത്തിയാക്കുകയും ചെയ്തു.

### ഡോക്ടറേറ്റ്, പ്രൊഫസർ

കവിതകളും ഗ്രന്ഥങ്ങളുമായി അനേകം കൃതികൾ രചിച്ചു. ഓളങ്ങൾ, തിരുമുമ്പിൽ, സന്നിധാനം, സാമീപ്യം വി. ക്ലാരയുടെയും വി. അൽഫോൻസാമ്മയുടേയും ജീവചരിത്രങ്ങൾ, വേദപുസ്തക വ്യാഖ്യാനങ്ങൾ തുടങ്ങി അനേകം ഗ്രന്ഥങ്ങളും കവിതകളും രചിച്ചു. പൂനാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. വിവിധ

www.malankaralibrary.com

സെമിനാരികളിൽ പ്രൊഫസറായി സേവനം ചെയ്ത് അനേകരുടെ ഗുരുവായി പ്രവർത്തിച്ചു.

## ഈശാവാസ്യം ഇദംസർവ്വം

ധ്യാനഗുരുവായും വാഗ്മിയായും ഒരു പ്രവാചകനുതുല്യമായ വ്യക്തിത്വമായിത്തീരാൻ ബ.പ്ളാസിഡച്ചന് ഏതാണ്ട് കഴിയുന്നുണ്ടെന്ന് പറയാം. ബഥനിയുടെ വിവിധ ഭവനങ്ങളിൽ അദ്ധ്യക്ഷനായും അംഗമായും വിവിധ ഇടവകകളുടെ വികാരിയായും ബ.അച്ചൻ പ്രവർത്തിച്ച് മികവ് തെളിയിച്ചിട്ടുണ്ട്. കുറേക്കാലം മദ്യവർജ്ജന പ്രസ്ഥാനത്തോട് ചേർന്ന് പ്രവർത്തിക്കാനും ബ.അച്ചന് സാധിച്ചിട്ടുണ്ട്. ഇന്ത്യൻ ചിന്തയുടെ പൊരുൾ തിരയാനും ആഴത്തിൽ ഗ്രഹിക്കാനും ബ.അച്ചൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധേയമാണ്. 1983– 1986 സമയത്ത് തിരുവല്ലാ ആശ്രമാദ്ധ്യക്ഷനായി ഈ ലേഖകർ (ഫാ.ജയിംസ് മാമൂട്ടിൽ) ശുശ്രൂഷ ചെയ്തപ്പോഴും പഠിക്കുന്നകാലത്തും ബ.അച്ചനുമായി അടുത്ത് പ്രവർത്തിക്കാൻ കഴിഞ്ഞത് സന്തോഷത്തോടെ അനുസ്മരിക്കുന്നു. എല്ലാവരോടും സൗഹൃദം കാത്തുസൂക്ഷിക്കുന്ന ബ.അച്ചന്റെ ദീർഘകാല ശുശ്രൂഷകൾ ഏറ്റുവാങ്ങിയ എല്ലാവരുടേയും പേരിലുള്ള അഭിനന്ദനങ്ങളും ഭാവുകങ്ങളും ജൂബിലി ആശംസകളും പ്രാർത്ഥനാ പൂർവ്വം അർപ്പിച്ചുകൊള്ളുന്നു. 'ഈശാവാസ്യം ഇദംസർവ്വം' എന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ബ.പ്ളാസിഡച്ചന് നൂറു നൂറു ജൂബിലി ആശംസകൾ.

## ഫാ. പോൾ മാത്യു കൈതവന ഒ.ഐ.സി

1992 മെയ് 2 ന് പ്രഥമ വ്രത വാഗ്ദാനം നടത്തിയ ഫാ. പോൾ കൈതവന പൂങ്കാവ് ഇടവകയിലാണ് ജനിച്ചത്. 2001 നവംബർ 24ന് വൈദികനായ അദ്ദേഹം സമൂഹത്തിന്റെ വിവിധ ഭവനങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തിൽ ഉന്നത ബിരുദം നേടിയ അദ്ദേഹം കലയപുരത്തും മറ്റു സ്കൂളുകളിലും നേതൃത്വം നൽകിയിട്ടുണ്ട്. പ്രീ. നോവിസസിന്റെ റെക്ടറായും വിവിധ ഇടവകകളിൽ വികാരിയായും ബ.അച്ചൻ മികച്ച സേവനം നിർവ്വഹിച്ചു. ആന്ധ്രായിലും  തെലുങ്കാനയിലും ഉൾപ്പെട്ട സെക്കന്തറബാദിലും മറ്റും സാഹസികമായ നേതൃത്വമാണ് ബ.അച്ചൻ സഭയ്ക്ക് നൽകിയത്. ഇപ്പോൾ ജർമ്മനിയിൽ ശുശ്രൂഷ ചെയ്യുന്ന

www.malankaralibrary.com

ബ.അച്ചൻ കാഞ്ഞിരംകുളം ഭാഗത്തെ ഏതാനും സാധുകുട്ടികളെ സഹായിക്കാൻ മുന്നോട്ട് വന്നത് പ്രത്യേക പരാമർശമർഹിക്കുന്നു. സവിശേഷമായ വ്യക്തിത്വത്തിനുടമയായ ബ.അച്ചന് വ്രത വാഗ്ദാന രജതജൂബിലിയുടെ ആശംസകൾ ഹൃദയപൂർവ്വം നേരുന്നു. സ്നേഹത്തിൽ സത്യം സംസാരിക്കുന്ന (എഫേ 4:15) ബ.അച്ചന് അനുമോദനങ്ങൾ.

### റവ.ഫാ.തോമസ് സത്യൻ നടുവിലേടത്ത് ഒ.ഐ.സി.

സൗത്ത് കാനറായിൽ ജനിച്ച ബ.ഫാ.സത്യൻ മികച്ച ഒരു ഗായകനാണ്. 1992 മെയ് 2-ാം തീയതി പ്രഥമ വ്രത വാഗ്ദാനം ചെയ്ത ബ. അച്ചൻ 2001 നവംബർ 20-ാം തീയതി വൈദീകപട്ടം സ്വീകരിച്ചു. വൈദീകനായ ശേഷം പരിശീലനത്തിന് നേതൃത്വം കൊടുക്കാനും വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യാനും ബ. അച്ചൻ മികച്ച രീതിയിൽ സാദ്ധ്യമായി. മുംബൈയിലും പൂനെയിലും അമേരിക്കൻ ഐക്യനാടുകളിലും പ്രവർത്തിച്ചിട്ടുള്ള ബ.അച്ചൻ എല്ലായിപ്പോഴും ഏത് വെല്ലുവിളികൾ ഏറ്റെടുക്കാൻ സന്നദ്ധനാണ്. ചെറിയ പ്രായത്തിൽ തന്നെ വലിയ കഴിവുകൾ പ്രകടമാക്കിയ ബ.അച്ചന് ജൂബിലി ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. സമൂഹം മുഴുവന്റെയും ബ.അച്ചനെക്കുറിച്ചുള്ള അഭിമാനം രേഖപ്പെടുത്തുന്നു. ദീർഘകാലം കൂടുതൽ ആവേശത്തോടെ പ്രവർത്തിക്കാൻ ബ.അച്ചനാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ''ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ : 116 :13).

### റവ.ഫാ.ജോൺ ക്രിസ്റ്റഫർ മണലിൽ ഒ.ഐ.സി

മാർത്താണ്ഡം രൂപതയിൽ ജനിച്ച ബ.അച്ചൻ 1992 മെയ് 2-ാം തീയതി പ്രഥമ വ്രത വാഗ്ദാനം നിർവ്വഹിച്ചു. 2001 നവംബർ 30-ാം തീയതി വൈദീകനായി അഭിഷിക്തനായി. തിരുവനന്തപുരത്തും വേങ്കോട്ടും മറ്റും സേവനം ചെയ്ത് കാര്യക്ഷമത പ്രകടമാക്കി. ബൽജിയത്തെ ലുവെയ്നിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ബ.അച്ചൻ വേങ്കോട്ട് സ്ഥാപനങ്ങളുടെ സാരഥിയായി വിശിഷ്ട സേവനം ചെയ്യുന്നു. ആദ്യകാലത്ത് വേങ്കോട്ടെ സ്ഥലം വാങ്ങുന്നതിനും മറ്റും ബ.അച്ചൻ വലിയ ത്യാഗം ഏറ്റെടുത്തിട്ടുണ്ട്. ബ. സാലസച്ചനോടൊപ്പം മാർത്താണ്ഡത്തെ ദൈവാലയ വൈദീകമന്ദിരത്തിൽ, ബഥനി മിഷൻ

ആശ്രമത്തിൽ അംഗമായിരുന്നുകൊണ്ട് തീക്ഷ്ണതയോടെ പ്രവർത്തിക്കുകയുണ്ടായി. കർമ്മകുലശതയോടെ ഏത് സാഹചര്യങ്ങളേയും നേരിടാനുള്ള കരുത്ത് ബ.അച്ചന്റെ പ്രത്യേകതയാണ്. സ്നേഹത്തോടും സന്തോഷത്തോടും ഏവരോടും ഇടപെടുന്ന ബ.അച്ചന് ജൂബിലിയുടെ ഈ അവസരത്തിൽ എല്ലാ ആശംസകളും ഭാവുകങ്ങളും നേരുന്നു.

രജതജൂബിലിക്കാരെപ്പറ്റി കുറേക്കൂടി കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയാഞ്ഞതിൽ ഖേദിക്കുന്നു. എങ്കിലും വിവിധ മേഖലകളിൽ കഴിവും പ്രവർത്തനമികവും തെളിയിച്ചവരാണ് അവർ ഓരോരുത്തരും എന്നതിൽ സംശയമില്ല. അവർ തന്നെ അവരെ പരിചയപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

സമൂഹത്തിന്റെ മുഴുവൻ അംഗങ്ങളുടെ പേരിലും ജൂബിലി മംഗളങ്ങൾ നേരുന്നു. റോബർട്ട് ഫ്രോസ്റ്റ് എന്ന ആംഗലേയകവി പാടിയതുപോലെ

Woods are Lovely dark and deep
But I have promises to keep
And miles to go before I sleep
And miles to go before I sleep

പി.ബി. ഷെല്ലി പാടിയതുപോലെ

Heard melodies are sweet
Those unheard are sweeter

മഹത്തായ വലിയ നേട്ടങ്ങൾ കൈവരിക്കാൻ ഇവർക്ക് ഓരോരുത്തർക്കും വീണ്ടും ആവട്ടെ എന്ന് ആശംസിക്കുന്നു. “മനുഷ്യന്റെ ആഗ്രഹമോ പ്രവൃത്തിയോ അല്ലാതെ ദൈവത്തിന്റെ കൃപയാണ് സകലത്തിന്റെയും അടിസ്ഥാനം” (റോമാ 9:16).



www.malankaralibrary.com

# തീർത്ഥാടകർ

ഫാ. സാമുവേൽ കിടങ്ങിൽ ഒ.ഐ.സി

തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിനുമുള്ള വിളി സ്വീകരിച്ച് (മർക്കോ 3:14;15) ബഥനി സന്ന്യാസിയായി കൂടെയായിരുന്നു. കൂട്ടാളിയായും കഴിഞ്ഞ 25 വർഷം പിന്നിട്ട് ജൂബിലി ആഘോഷങ്ങളുടെ നിറവിൽ എത്തിനില്ക്കുന്ന നമ്മുടെ സമൂഹത്തിലെ ബഹു.ഡാനിയേൽ ചേന്നാത്ത്, ഡാനിയേൽ കടകംപള്ളി, പ്ലാസിഡ് തോമ്പിലടിമുറിയിൽ (50 വർഷം), പോൾ മാത്യു, തോമസ് സത്യൻ, ജോൺ ക്രിസ്റ്റഫർ എന്നീ സഹോദരങ്ങളെ കൂട്ടത്തിൽ ഒരുവൻ എന്ന നിലയിൽ അനുമോദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സന്ന്യാസ ജീവിതത്തിന്റെ ജൂബിലി ആഘോഷങ്ങൾകൊണ്ട് ലക്ഷ്യമാകുന്നത് പുതുക്കലിന്റെയും പടുത്തുയർത്തലിന്റെയും വഴികളിലൂടെ സഞ്ചരിച്ച് പിന്നിട്ട സന്ന്യാസജീവിതവീഥികളിലെ ദൈവസാന്നിദ്ധ്യത്തേയും (Presence of God) ദൈവത്തിന്റെ ഇടപെടലുകളെയും കണ്ടറിഞ്ഞ് നിറഞ്ഞ ഹൃദയത്തോടുകൂടി അവയ്ക്കൊക്കെയും സ്തോത്രത്തിന്റെയും സന്തോഷത്തിന്റെയും കാഹളം മുഴക്കി “രക്ഷയുടെ പാനപാത്രമുയർ ത്തുക” എന്നുള്ളതാണല്ലോ.

ഈ തിരിഞ്ഞുനോട്ടത്തിലെ അന്വേഷണവും കണ്ടെത്തലുകളും ഇനിയുമുള്ള മുന്നേറ്റത്തിന്റെ ഊർജ്ജമായി പരിണമിക്കട്ടെ! സന്ന്യാസത്തിന്റെ ജൂബിലി ആഘോഷിക്കുന്ന നമ്മുടെ ജൂബിലേറിയരോടൊപ്പം അവർ പിന്നിട്ട നാളുകിലേക്ക് ഒരല്പദൂരം സഞ്ചരിക്കാൻ എനിയ്ക്കുമൊരു മോഹം. അത് അതിമോഹങ്കിൽ മാപ്പ്!

## സന്ന്യാസി

സർവ്വസംഘപരിത്യാഗിയായ സന്ന്യാസിക്ക് സംസ്കൃതത്തിൽ ‘തീർത്ഥാടകൻ’ എന്നൊരർത്ഥമുണ്ട്. തീർത്ഥത്തിന്റെ വഴിയെ നടക്കുന്നവൻ, തീർത്ഥത്തിന്റെ കൂട്ടുകാരൻ - അവനാണ് തീർത്ഥാടകൻ. തീർത്ഥം എന്നാൽ പുണ്യം, വിശുദ്ധി, നൈർമല്യം എന്നൊക്കെയാണ്.

www.malankaralibrary.com

അങ്ങനെ തീർത്ഥാടകൻ തീർത്ഥത്തിന്റെ വഴികളിലൂടെ സഞ്ചരിച്ച് ശരീരത്തിന്റെ വിശുദ്ധിയും ആത്മാവിന്റെ നൈർമല്യവും നേടുന്നു.

ഹൈന്ദവ വിധിപ്രകാരം തീർത്ഥം ലഭ്യമാകുന്നത് ക്ഷേത്ര ആരാധനയിൽ നിന്നുമാണ്. ക്ഷേത്രാരാധനയിൽ പ്രതിഷ്ഠയെ ജലധാരയിൽ സ്നാനംചെയ്ത് കിട്ടുന്ന ജലമാണ് തീർത്ഥം. പ്രസ്തുത തീർത്ഥം ഭക്തജനങ്ങൾക്ക് ഈശ്വരദർശനശേഷം ലഭ്യമാണ്. എന്നാൽ എത്രമാത്രം തീർത്ഥം ഒരു ഭക്തന് ലഭ്യമാകാമെന്നൊരു അളവുകോൽ ഉണ്ട്. അതായത് ഒരു ധാന്യം (ഒരു നെൽമണിയോ അഥവാ ഒരു ഗോതമ്പുമണിയോ) മുങ്ങിക്കിടക്കാൻ ആവശ്യമായ ജലം മാത്രം. അങ്ങനെ ലഭ്യമാകുന്ന തീർത്ഥം ഭക്തൻ കൈവെള്ളയിൽ സ്വീകരിച്ച് തന്റെ നാവ് നനച്ച് ശരീരത്തിന്റെയും ആത്മാവിന്റെയും വിശുദ്ധി നേടുന്നു നാവ് ശുദ്ധമെങ്കിൽ ശരീരവും ആത്മാവും ശുദ്ധം എന്നു സാരം.

സീയോൻ സഞ്ചാരിയായ തീർത്ഥാടകൻ അവന്റെ തീർത്ഥാടനത്തിന്റെ കുന്നിൻ പുറങ്ങളിൽനിന് നിത്യേന വലംവയ്ക്കുന്ന ബലിപീഠത്തിൽനിന്നും ജീവൻ നൽകുന്നതും ജീവിപ്പിക്കുന്നതും പുണ്യം നൽകുന്നതുമായ 'തീക്കട്ട' നാവിൽ സ്വീകരിച്ച് ശരീരത്തിന്റെയും ആത്മാവിന്റെയും ശുദ്ധീകരണം നേടി തീർത്ഥാടനത്തിന്റെ വഴികളിലൂടെ തീർത്ഥത്തിന്റെ കൂട്ടുകാരനായി കുരിശിന്റെ പാതയിൽ താണ്ടുന്നു. തൽഫലമായി അവന്റെ തീർത്ഥാടന വഴികളിൽ പുണ്യത്തിന്റെയും വിശുദ്ധിയുടേയും നൈർമല്യത്തിന്റെയും പൂക്കൾ ഇതൾ വിടർത്തുന്നു.

## സന്ന്യാസത്തിന്റെ കാണാപ്പുറങ്ങൾ

ജോബിന്റെ പുസ്തകം 7-ാം അദ്ധ്യായത്തിന്റെ ആറാം വാക്യത്തിൽ - "എന്റെ ദിനങ്ങൾ നെയ്ത്തുകാരന്റെ ഓടത്തേക്കാൾ വേഗത്തിൽ കടന്നുപോകുന്നു" എന്ന് നാം വായിക്കുന്നു. അതെ! സന്ന്യാസ ജീവിതം നെയ്ത്തുകാരന്റെ ഓടത്തെപ്പോലെയാണ്. നെയ്ത്തുകാരന്റെ ഓടം എന്തെന്ന് അറിയുന്നതിന് 'നെയ്ത്തു തറി' എന്ന് നാം അറിഞ്ഞിരിക്കണം. 'തറി' എന്നാൽ രൂപപ്പെടുത്തൽ എന്നാണ്.

'നെയ്ത്തു തറി' എന്നു പറയുന്നത് മരത്തടിയാൽ നിർമ്മിതമായ ഒരു നാൽക്കോണിയാണ്. അതിന്റെ മദ്ധ്യഭാഗത്തായി നൂലിനാൽ

നിർമ്മിതമായ ഒരു 'തലം' ഉണ്ട്. ഈ നൂൽ തലത്തിലേക്ക് നൂൽ നാഴിയിൽ നിന്നുള്ള നൂൽ ബന്ധിച്ചു നിർത്തുന്നു. ഇപ്രകാരം നൂൽനാഴിയിൽ നിന്ന് ബന്ധിച്ചു നിർത്തിയിരിക്കുന്ന നൂലിനെ ഊടും പാവും ചാർത്തി വസ്ത്രമാക്കി മാറ്റുന്ന ഓടം ഒരു ചരടിൽ ബന്ധിച്ചിരിക്കുന്നു. ആ ചരടിന്റെ ഒരറ്റം നെയ്ത്തുകാരന്റെ കൈവിരലുകളിൽ ഒതുങ്ങുന്നു. കാൽകൊണ്ടു ചവിട്ടിയും കൈകൊണ്ട് വലിച്ചും നെയ്ത്തുകാരൻ നെയ്ത്തോടത്തെ പ്രവർത്തന നിരതമാക്കുന്നു. ഓരോ പ്രാവശ്യവും നെയ്ത്തുകാരന്റെ കൈകളിൽ നെയ്ത്തോടം ഒരു പെന്റിലംപോലെ ഇടംവലം സഞ്ചരിച്ച് ആവർത്തിക്കപ്പെടുന്ന പ്രക്രിയയിലൂടെ വസ്ത്രം അതിന്റെ പൂർണ്ണത പ്രാപിക്കുന്നു.

ഈ പ്രക്രിയയിൽ ശ്രദ്ധേയമാകുന്ന ഒരു വസ്തുത എന്നു പറയുന്നത്, മനോഹരമായ വസ്ത്രം നെയ്യുന്ന നെയ്ത്തോടത്തിന്റെ പ്രവർത്തന മണ്ഡലം പരിമിതമാണ് എന്നുള്ളതാണ്. ആ പ്രവർത്തനമണ്ഡലം എന്നു പറയുന്നത് നൂലുപാകിയ ആ തലം മാത്രം. ഈ തലത്തെ സന്ന്യാസജീവിത 'കർമ്മതലം' എന്നു വിശേഷിപ്പിക്കാം. ഈ തലത്തിലൂടെ ഓടമെന്ന സന്ന്യാസജീവിതം ഇടംവലം ആവർത്തിക്കപ്പെടുമ്പോൾ സന്ന്യാസജീവിതസിദ്ധികൾ (charism) അതിന്റെ പൂർണ്ണത നേടുന്നു.

നൂൽനൂൽക്കുന്ന പ്രക്രിയയിൽ കഠിനമായ പ്രഹരമാണ് നെയ്ത്തോടം ഏറ്റുവാങ്ങുന്നത്. ഈ പ്രഹരമാണ് നൂലിനെ കട്ടിയുള്ള വസ്ത്രമാക്കി മാറ്റുന്നത്. ഊടുംപാവും പാകി നില്ക്കുന്ന സന്ന്യാസജീവിത തലങ്ങളിലൂടെ സന്ന്യാസജീവിതം ആവർത്തിക്കപ്പെടുമ്പോൾ നെയ്ത്തറിയിൽ വസ്ത്രംപോലെ സന്ന്യാസത്തിൽ സിദ്ധികൾ (charism) മനോഹരമാക്കപ്പെടുന്നു.

വസ്ത്രം-സംരക്ഷണവും ചൂടും മനോഹാരിതയും മനുഷ്യർക്കു പ്രദാനം ചെയ്യുന്നു. മനുഷ്യനായി പിറന്ന ഉണ്ണിയേശുവിനെ മറിയം പിള്ളക്കച്ചകൾചുറ്റി സംരക്ഷിച്ചു. (ലൂക്കാ 2:12).

മരിച്ച യേശുവിനെ ആരോ കരുതലോടുകൂടി നെയ്തെടുത്ത വസ്ത്രങ്ങൾ ചുറ്റി സംസ്കരിച്ച് അവന്റെ മനുഷ്യത്വത്തെ ബഹുമാനിച്ചു (ലൂക്കാ 23:53).

എപ്രകാരം യേശുവിന് വസ്ത്രം ചൂടും സംരക്ഷണവും

www.malankaralibrary.com

മാന്യതയും പ്രദാനം ചെയ്തുവോ അപ്രകാരംതന്നെ ഓരോ സന്ന്യാസിയും തങ്ങളുടെ സിദ്ധിപൂർണ്ണമായ ജീവിതത്തിലൂടെ എന്നും ഈ ലോകത്തിൽ യേശുവിന്റെ നാമത്തിൽ മറ്റുള്ളവർക്ക് ചൂടും സംരക്ഷണവും മാന്യതയും പകരുവാൻ ജാഗ്രതയുള്ളവരായി ക്കഴിയുന്നു.

മറ്റൊരുവൻ നെയ്തെടുത്ത വസ്ത്രം (കച്ച) അരയിൽ ചുറ്റി യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി ഒരു പുതിയ നിയമം അവരെ പഠിപ്പിച്ചുവോ; (യോഹ 13:4) അതുപോലെ തന്റെ ശിഷ്യരായ സന്ന്യാസികളും 'സിദ്ധി'കളാകുന്ന വസ്ത്രം അരയിൽ അണിഞ്ഞ് മനുഷ്യസേവനത്തിൽ ഉൾച്ചേരുന്നു. സന്ന്യാസജീവിതം - വിളിക്കപ്പെട്ടവന്റെ കൈകളിലെ നെയ്ത്തോടമാകുന്നതോടുകൂടി അവൻ അപരന് വസ്ത്രം നെയ്തു തീർക്കുന്ന തീവ്രപ്രക്രിയയിൽ വ്യാപൃത നായിരിക്കുന്നു.

## സന്ന്യാസിയുടെ കൈമുതൽ

യേശുശിഷ്യന്മാരോട്- 'പോയി പറയുക' എന്ന ദൗത്യം നൽകി അയച്ചപ്പോൾ പലതും അവരെ ഓർമ്മിപ്പിച്ചു. കൂട്ടത്തിൽ അവരോടായി അവൻ പറഞ്ഞു, ''നിങ്ങളുടെ സഞ്ചാരവഴികളിൽ ആരെയും അഭിവാദ്യം ചെയ്യരുത്'' എന്താണ് ഇതിന്റെ അർത്ഥം?

അയക്കപ്പെട്ടവന്റെ മുമ്പിൽ അവന്റെ വഴികളിൽ മുഖാമുഖം എത്തുന്നവരെ ഗൗനിക്കരുതെന്നോ? അല്ല, അങ്ങനെയായിരിക്കില്ല. പിന്നെയോ, അയക്കപ്പെട്ടവൻ അവന്റെ ലക്ഷ്യത്തിൽ എത്തിച്ചേരണ മെങ്കിൽ അവന്റെ ജീവിതം 'ഒഴുകുന്ന' പുഴപോലെയായിരിക്കണം. പുഴയിൽ തടയിണ പണിയപ്പെട്ടാൽ ഒഴുക്കുനിലയ്ക്കുകയും അവിടെ ഓര് അടിയുകയും, നിറയുന്ന പുഴ ചാലുകീറി ഒഴുകുകയും ചെയ്തു എന്ന വരാം. അങ്ങനെയാകുമ്പോൾ പുഴ അതിന്റെ ലക്ഷ്യസ്ഥാനത്ത് ഒഴുകി എത്തുകയില്ല. അതുപോലെ തീർത്ഥാടകനായിരിക്കുന്ന അയക്ക പ്പെട്ടവന്റെ ജീവിതം സൗഹൃദ ബന്ധങ്ങളാകുന്ന തടയിണകളാൽ ഒഴുക്കുനിലച്ചാൽ അവന് ലക്ഷ്യസ്ഥാനം പ്രാപ്യമാകാതെ പോവുകയും ജീവിതം ചാലുകൂറി ഒഴുകുകയും ചെയ്യും. അതുകൊണ്ട് അവന്റെ ജീവിതത്തിൽ ജാഗ്രത ആവശ്യമാണ്. ജാഗ്രതയുള്ളവനാകണമെങ്കിൽ ജീവിതത്തിൽ ഏകാഗ്രത ഉണ്ടായിരിക്കണം. അതായിരുന്നു അവൻ അയക്കപ്പെട്ടവരെ ഓർമ്മിപ്പിച്ചത്. നമ്മുടെ കർമ്മധർമ്മ ചെയ്തികൾ

www.malankaralibrary.com

വിശ്വസ്തതയോടെ ചെയ്തു തീർക്കണമെങ്കിൽ ജീവിതത്തിൽ നിശബ്ദതയെ പുൽകാതെ അത് സാദ്ധ്യമാകില്ല. യേശുവിന്റെ ജീവിതം-നിശബ്ദതയുടെയും, ഏകാന്തതയുടെയും, മൗനത്തിന്റെയും വഴികളിലൂടെയായിരുന്നുവല്ലോ? ഏകാന്തതയുടെ ലോകത്തിലെ യേശു മൗനിയായിരുന്നു.

ഏകാന്തതയിൽ പ്രാർത്ഥിക്കുന്ന യേശു.
ഏകാന്തതയിൽ വിശ്രമിക്കുന്ന യേശു.

കർമ്മധർമ്മ വേദികളിൽനിന്ന് ഒഴിഞ്ഞ് ഏകാന്തതയിൽ വിശ്രമിക്കാൻ ശിഷ്യരെക്കൂട്ടി മറുകര തേടുന്ന യേശു! തന്റെ പിതാവുമായുള്ള ബന്ധവും നിശബ്ദതയുടെ തലങ്ങളിൽ കണ്ടെത്തിയ യേശു. അയക്കപ്പെട്ടവന്റെ മാതൃകയാണ്. നിശബ്ദതയിലേക്കുള്ള ക്ഷണം സ്വീകരിക്കാതെ സന്യാസിക്ക് സന്യാസിയായിരിക്കാൻ, തീർത്ഥാടകനായിരിക്കാൻ കഴിയുകയില്ല. ആദ്ധ്യാത്മിക ജീവിതത്തിലെ നിശബ്ദത അത്ഭുതങ്ങളുടെ ഖനിയാണ്. സന്ന്യാസജീവിതത്തിലെ എല്ലാ മഹിമകളുടെയും പ്രഭവസ്ഥാനം നിശബദ്തതയിൽ നിന്നാണ്. പ്രകൃതിയുടെ സൗന്ദര്യസ്രോതസും അവിടെതന്നെ.

സംഗീതത്തിനുപോലും ചാരുത പകരുന്നതിന് നിശബ്ദതയാണ്. സർവ്വചരാചരങ്ങളുടെ പരാശക്തി ബന്ധത്തിന്റെ നേർവഴിയും നിശബ്ദതയാണ്. ഏകാന്തതയുടെ നിശബ്ദതയിൽ പരാശക്തി ലയനം നേടികഴിയുന്നവരെ മുനി എന്നു വിളിക്കുന്നു. അവരെപ്പോലെയുള്ളവരോടാണ് അവൻ പറയുക; ശാന്തനായിരിക്കുക! ഞാൻ ദൈവമാകുന്നു എന്ന് അറിയുക!!

പ്രവാചകൻ ദൈവാനുഭവം തേടിയെത്തിയത് കൊടുങ്കാറ്റിലോ ഇടിമിന്നലിലോ അല്ല പിന്നെയോ ശാന്തമായ ഇളംകാറ്റിന്റെ വരവിലായിരുന്നു അവൻ അത് അനുഭവവേദ്യമായത്. അപ്രകാരം നിശബ്ദതയുടെ ഗുഹാമുഖങ്ങൾ കടന്ന് അന്തരാളങ്ങളിലേക്ക് പോയി അവിടെ അവനെ ദൈവമെന്ന് കണ്ടറിഞ്ഞ് സ്വന്തം മൗനത്തിന്റെ ഊർജ്ജത്തിൽ നിന്ന് പരാശക്തി സ്പർശനം ഏറ്റുവാങ്ങിയ നമ്മുടെ പ്രിയപ്പെട്ട നമ്മുടെ സഹോദരങ്ങൾ 50, 25 വർഷങ്ങൾ പിന്നിട്ട് തീർത്ഥാടകരായി യാത്ര തുടരുന്നു. അവരുടെ വഴികളൽ തീർത്ഥത്തിന്റെ പുണ്യവും, നെയ്ത്തോടത്തിന്റെ ചടുലതയും, മുനിയുടെ മൗനവും കൂട്ടായിരിക്കട്ടെ! എന്ന് ആശംസിക്കുന്നു.

www.malankaralibrary.com

# I trust in God



Fr. Paul Mathew Kaithavana OIC

I am 25 Years in Bethany as a professed Member. Joined the Congregation on June 11, 1987 in Bethany Ashram Generalate, I remember with gratitude the blessings of God all throughout these Years. Without GOD, there is nothing to celebrate in this Jubilee Year. I along with my Batchmates Fr. Sathyan and Fr. Christopher Thank God for His guidance through all ups and downs in the journey of religious life. And I remember all Bethanians especially all the Masters during the Formation, very specially Lawrencachen and Atmanandachen.

As a Call to Imitation of Christ, but there were times I was not in total union with Jesus Christ in the past 25 years. And there were also times of dryness and emptiness. But one thing I can proudly say with Confidence that I was trying my level best to invest myself with the given Talents in God-given responsibilities all throughout these years.

Lk4:16-21 was my Bible Text for my First Mass after Ordination in 2001. “Today this scripture has been fulfilled in your hearing”(Lk 4: 21b). I am convinced that Kingdom of God is **today** and the Spirit of God works **today**. And **today** the words of the prophets and of Jesus will be fulfilled in us and through us. I tried with my shortcomings in these years to live my life genuinely, my service in the different places abroad

www.malankaralibrary.com

and inland, my life-witness, my social, charitable and pastoral ministryto make the love of Jesus visible in small ways.

25 years officially in Bethany, off course I look back with Gratitude. But what is in stock for me. I feel that the tempo of daily life beginning to slow down, as I am 45! I trust in God. Man thinks, God leads…..And I live my **Today**.

## ഉപാസന

ബ്രദർ മനു വർഗീസ് ഒ.ഐ.സി.

ഒരു വൃക്ഷം അതിന്റെ ജീവിത സാഫല്യം കൈവരിക്കുന്നത് പുഷ്പിച്ച് ഫലം നൽകുന്നതിലൂടെയാണ്. അത് അതിന്റെ ജീവിത ഉപാസന ആണ്. ആ ഫലങ്ങൾ മറ്റുള്ളവയുടെ ജീവിതത്തിന് ഉപയുക്തമാകുമ്പോൾ ആ വൃക്ഷം സംതൃപ്തനാകുന്നുണ്ടാകും; സന്തോഷിക്കുന്നുണ്ടാകും. തന്നിൽ നിന്ന് പഴുത്ത ഇലകളും, ഫലങ്ങളും അടർന്ന് വീഴുമ്പോൾ അത് മരത്തിന് ഒരിക്കും വേദന നൽകുന്നില്ല. മറിച്ച് വീണ്ടും നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന കർത്തവ്യത്തിൽ വ്യാപൃതനാകുന്നു. കാലചക്രങ്ങൾ മാറിയാലും, യുഗങ്ങൾ മാറിയാലും, മാറിവരുന്ന ഋതുഭേദങ്ങൾക്കനുസരിച്ച് ഓരോ വൃക്ഷത്തിന്റെയും ജീവിതസാഫല്യം ഇതുതന്നെയാണ്. ഇത് ഒരു ഉപാസനയാണ്.

സമർപ്പണജീവിതത്തിന്റെയും ലക്ഷ്യം മറ്റൊന്നുമല്ല. ആയിരിക്കുന്ന സഭയിലും സമൂഹത്തിലും വേരൂന്നി ഊർജ്ജം സ്വീകരിച്ച് ഫലങ്ങൾ പുറപ്പടുവിക്കുന്നവരാകുക. ജൂബിലിയുടെ നിറവിൽ നിൽക്കുന്നവരെപ്പറ്റി ചിന്തിക്കുമ്പോൾ മറിച്ച് ഒന്ന് ചിന്തിക്കാൻ ആകുന്നില്ല. അതിന് കഴിയുന്നുമില്ല. ഓരോ നിമിഷവും മനുഷ്യനന്മയ്ക്ക് ആവശ്യമായ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് അനുദിനം വളരുന്ന, ചുറ്റുമുള്ളവരെ വളരാൻ അനുവദിക്കുന്ന ഈ സമർപ്പിത ജീവിതങ്ങൾ ഒരു ഉപാസനയാണ് സാക്ഷാൽ ഈശ്വരോപാസന.

'ശബ്ദ'ത്തിൽ രണ്ടു വാക്ക് എഴുതണം എന്ന് എഡിറ്ററച്ചൻ പറഞ്ഞപ്പോൾ എന്തെഴുതണം എന്നായിരുന്നു ചിന്ത. ലോകം 'ശബ്ദം'കൊണ്ട് നിർമിക്കപ്പെട്ടു എന്നതാണല്ലോ ഒരു പ്രബലമായ ചിന്ത. അപശബ്ദത്തിന് ഒരിക്കലും 'സൃഷ്ടി' സാധ്യമല്ല. ക്രമീകൃതമായ ശബ്ദമായിരിക്കണം സൃഷ്ടികർമം നിർവഹിച്ചത്. അങ്ങനെയെങ്കിൽ സംഗീതാത്മകമായി പറഞ്ഞാൽ ആ ശബ്ദത്തിന് ഒരു രാഗം ഉണ്ടായിരുന്നിരിക്കണം. അരുപിയായ ആ രാഗത്തെ ആവാഹിച്ച് ഹൃദയത്തോട് ചേർത്ത് താളം രൂപപ്പെടുത്തി, അത് ജീവിത താളമാക്കി മാറ്റിയ ഈ സാധകരെക്കുറിച്ച് രണ്ട് വാക്യങ്ങൾ കുറിക്കാൻ കഴിഞ്ഞതിൽ അതിന് യോഗ്യനല്ലെങ്കിലും സർവ്വേശ്വരന് നന്ദി പറയുന്നു. ഈ സമർപ്പിതജീവിതങ്ങളുടെ ഉപാസനയുടെ മുന്നിൽ ഒരുകോടി പ്രണാമം.

www.malankaralibrary.com

# Power of simplicity and simplicity of power



**Fr. Thomas Sathyan Naduviledath OIC**

Jubilee is a reminder for a person or an institution. It's a time to thank God and every one who were instrumental in giuding to reach that particular time in the life of a person. It is a time for an assessment and to rededicate one self again. As I completed my 25th year of my professed life in Bethany, I thank god and every one who were the guides and mentors in my life.

Soon after the election of the pope francis, I happened to watch a documentary of the newly elected pope and the changes which happened in vatican and across the word. One priest was sharing from the vatican square about the remarkable changes which took place there. He said that the *power of simplicity and simplicity of power* is quiet evident in the present papacy. People are attracted towards the simple and humble nature of the pope.

A religious priest must be always simple reflecting the charism of the congregation particularly the sacred vow of poverty. Our life, attitude and approaches to people are to be reflected from this life style. As I completed 25 years of my consecrated life it is my wish that to be simple in my approaches and attitudes to the people of God.

www.malankaralibrary.com

As a religious priest my first appointment was at Thiruvalla Bethany Ashram as Vocation Promoter in the year 2002. I have completed my B.Ed at the same year. In 2003 I was transferred to Kalawadi Ashram as the Bursar of the school, and Vicar of Kirkee, Vishranthwadi, Warje and Wadgaonsheri parishes. In 2006, I was appointed as the Correspondent and Vicar of Mangalore mission, residing at Noojibalthila, I was instrumental to God's plan to build a Chapel for the Mission in Mangalore. After three years of service at Noojibalthila, I was transferred to Kalewadi in the year 2009, as the Principal of the school and Vicar of Kalewadi, Dehuroad and Chinchwad Parishes.

By the providence of God, I got an opportunity to go to New York in the year 2011 and I was working as a residential part time Pastor in Blessed Sacrament Parish of the Diocese of Rockcville Centre and the Vicar of St. Basil Malankara Church in Queens. 2013 September, I was appointed as the Vicar of St.Vincent de Paul Malankara Catholic Cathedral Parish in Elmont (New York) of the Exarchate of USA. During the stay in the parish of the Blessed Sacrament, the Parishners and the Pastor were kind enough to help in my studies in St. John's University. I obtained advanced certificate from the department of school of education in School Building leadership. After the fruitful studies in New York, in 2015 I was appointed in Nelliyadi as Principal of F. G. College and Vicar of Shiradi and Addahole Parishes.

"Be Simple as your Heavenly Father is." All these years of my consecrated life, I have experienced this simplicity of God in Various occasions of my life. I am thankful to Almighty God and to my Congregation for all the blessing and the freedom which my Congratulation's rule offers to live in.

www.malankaralibrary.com

# HEART SPEAKS TO HEART



**Fr. John Christopher Manalil OIC**

My life and experience in Bethany Ashram has been unique and exceptional. I cannot think of my life separating Bethany. What I am today is because of Bethany. Over the years I realised that Bethany is not a corporate institution; but she is a community of persons who live together to fulfil the unique charisam received through Mar Ivanios and reinterpreted according to the signs of the time. Bethany is a house of consolation which I could experience all though my religious life. Bethany is mother of possibilities and cradle of potentialities. She gave me ample of freedom to responsibly discharge the specific charisma we imbibed. Bethany fostered me to develop my capabilities and challenges me to bring out the best in me. I am convinced that Bethany flourishes and grows because of its members. The greatest wealth of Bethany is its members; this will be the same in the future as well. All the Bethanians are persons with potentialities. It is not only my conviction but this is also what makes me love Bethany more than anything. We need to further tap the talents of Bethanians, provide them with new avenues to explore, trust them more than everybody, and stay with them while they commit unintended mistakes. This will enable Bethany to remain the power house in everything that she undertakes.

www.malankaralibrary.com

Let me express my deepest gratitude to God who has sanctified me with the gift of life, the grace of my baptismal call and to my vocation to the Order of the Imitation of Christ. It is his love, strength and support that facilitate me to witness this day, to elucidate my humble gratefulness, for having sustained me for the past 25 years of my religious commitment. God has done wonders to me!

All these 25 years of my religious life, I have been a student engaged in some form of studies along with given responsibilities either as a regular or private student. I am given many opportunities in my congregation. In addition, I created new openings for our congregation through the opportunities given personally to me. I served as Parish Priest staying at Bethany Mission Mandiram, Chellamkonam. I have been one of the pioneering members in the establishment of our Ashram, Antony's Home, Bethany Navajeevan Matric School, CBSE School and B Ed College at Vencode. Thus I could fulfil my childhood dream (in Bethany) of establishing an identity and an address to Bethany Ashram in Kannyakumari District, Tamil Nadu. I am sure that we have partially succeeded in fulfilling this dream! Moreover, I had the possibility to serve in the diocese of Marthandom in different capacities at different departments. It might not be a self boasting if I say that I tried to make a difference in everything I was related to without compromising our charisam.

However, I am not without disappointment. The greatest among them is the experience of fictitious allegation. I took up these issues with smile and silence which consoled me to reaffirm my religious commitment.

Dear fellow-Bethanians, thank you for accompanying me in my religious life! Let us march together to achieve our common good! God is with us!

www.malankaralibrary.com

# Priest as 'father'

**Fr. Antony Padipurackal OIC**

From the Biblical point of view, is there any contradiction in calling a priest 'father'? Jesus says, "…call no man your father on earth, for you have one Father, who is in Heaven." Mat. 23:9. Does this make any distinction between spiritual fathers, and physical/biological fathers? No, we don't see any difference here. If a Catholic is erroneous/wrong in calling his priest 'father', then everyone who refers to his own natural father as 'father' is also erroneous. Both usages would be forbidden by a literal construal of Jesus' words.

The priests are called 'fathers' on the basis of the spiritual aspect. To make it clearer, if we interpret this passage "that no man is to be called father", we cannot differentiate between calling a priest 'father' and calling the man who is married to a woman - *who became a mother*- 'father'. But shall we be satisfied with this thought alone? Is it not Jesus giving a word of warning against the Sadducees/Scribes and Pharisees who were trying to grab the fatherhood of God (Yhwh)? Yes, history reveals that the Sadducees/Scribes and the Pharisees were trying to capture all attention centered on them, even by neglecting the mighty and all-powerful name of God. Jesus could read their minds and hearts. He denounced them for He knew their hypocrisy, perjury and fraudulence. And, therefore, He was unhesitant to call them hypocrites, blind guides, blind fools, snakes, brood of vipers, liars, whitewashed tombs, etc. To see the attitude of the Scribes and the Pharisees, and Jesus' words

of warning, you may go deeper into the Gospels (cf. Mat. 23; Mk. 12:38-40; Lk. 20:45-47).

Now, if we interpret the above mentioned passage from Mathew 23 as a total ban against calling anyone your spiritual father, then we may tend to see a few problems in Scripture itself. The concept of fatherhood is not restricted to just our earthly fathers and God. It is used to refer to people other than biological or legal fathers, and is used as a sign of respect to those with whom we have a special correlation.

In the Old Testament, Elisha cries, “My father, my father!” to Elijah as the latter is carried up to heaven in a whirlwind (2 Kgs. 2:11-12) and later, Elisha himself is called a father by the king of Israel (2 Kgs. 6:21).

In the Book of Genesis, Joseph tells his brothers of a unique fatherly relationship God had given him with the king of Egypt: “So it was not you who sent me here, but God; and he has made me a father to Pharaoh, and lord of all his house and ruler over all the land of Egypt” (Gen. 45:8).

Job says how he considered the less privileged: “I was a father to the needy, and I championed the cause of the stranger” (Job 29:16). And further, God himself announces that he will give a fatherly role to Eliakim, son of Hilkiah and steward of the house of David: “….. and he shall be a father to the inhabitants of Jerusalem and to the house of Judah” (Is. 22:20–21).

In the story of Lazarus and the rich man, we see the rich man pronounces the term ‘’father Abraham” (Lk.16:24, 30) and in response, Abraham pronounces ‘child’ (v.25). St. Paul

refers to Abraham as the 'father' of the faithful and 'father' of the many nations (Rom. 4:16-17). St. Stephen the first martyr of the Church, when the 'Freedmen' of the synagogue made many accusations against him and when the high priest asked whether those accusations were true, he addressed the crowd as "brothers and fathers" (Acts 7:1-2). Again St. Paul, while he was arrested in the temple and was given a chance to defend himself, addressed the tribune and the crowd as: "Brothers and Fathers listen to the defense that I make before you" (Acts.22:1).

Again St. Paul continues, "I am not writing this to make you ashamed, but to admonish you as my beloved children. For though you have ten thousand guardians in Christ, you do not have many fathers. Indeed, in Christ Jesus I became your father through the gospel" (1 Cor. 4:14–15). St. John also, in his letter, addresses men in his congregations as 'fathers' (1 Jn. 2:13–14).

All these refer to the spiritual fatherhood, not genetic (biological/physical) fatherhood. Therefore, with firm conviction we, in the spiritual sense, can call our priests 'fathers'. Indeed, it is apt to call priests 'fathers', just as it was acceptable for Jesus and St. Paul to call the father of faith Abraham 'father' and for St. Stephen and St. Paul to call the Jewish leaders and tribunes 'fathers'. We absolutely and firmly believe and proclaim that our true Father is God the Father in Heaven and that all facets of fatherhood, spiritual and biological, are consequential from Him; and no misinterpretation/misreading will slacken off the spirit of the term 'father' as 'spiritual'.

www.malankaralibrary.com

By referring to these people as their spiritual sons and spiritual children, Peter, Paul, and John imply their own roles as spiritual fathers. Since the Bible frequently speaks of this spiritual fatherhood, we Catholics acknowledge it and follow the custom of the apostles by calling priests ‘father’. Failure to acknowledge this, is a failure to recognize and honor a great gift God has bestowed on the Church: the spiritual fatherhood of the priesthood.

Catholics know that as members of a parish, they have been committed to a priest’s spiritual care, thus they have great filial affection for priests and call them ‘father’. Priests, in turn, follow the apostles’ biblical example by referring to members of their flock as “my son” or “my child “or “my children” (cf. Gal. 4:19; 1 Tim. 1:18; 2 Tim. 2:1; Philem. V-10; 1 Pet. 5:13; 1 Jn. 2:1; 3 Jn. 4).

The above mentioned passages were written under the inspiration of the Holy Spirit, and they express the unfailingly recorded truth that Christ’s ministers do have a part/role to fulfill as “spiritual fathers” and that it is acknowledged by Jesus himself. It is a God-given gift to the priests as spiritual fathers, and the same role is confirmed by the Holy Spirit in Scripture and any teaching against this, will always remain false or forged.

The priests of the Church are authorized by the Almighty God who called them out of love, to be ‘fathers’ (Spiritual) to all and ‘all’ to all; and may all our priests be ‘fathers’ to those who are hungry for God and are poor in spirit, and that the people of God be their wonderful spiritual “children/sons and daughters”!

www.malankaralibrary.com

# അനശ്വരമാക്കപ്പെടേണ്ട സമർപ്പണം

ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

അർപ്പിക്കപ്പെട്ട് അനശ്വരമാക്കപ്പെടേണ്ട ജീവിതം. ഒത്തിരി നന്മകളാൽ നിറഞ്ഞതെങ്കിലും ഹാസ്യാത്മകമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന, നിർവീര്യമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജീവിതസാക്ഷ്യത്തിന്റെ ബാക്കിപത്രമാണല്ലോ? ഇന്ന് നമ്മുടെജീവിതം. നമ്മൾ ആദ്യം സമർപ്പിക്കപ്പെട്ടവരാണ്, പിന്നെ പൗരോഹിത്യം ഒരു വലിയ രഹസ്യം ആയി ഉൾക്കൊണ്ടവരാണ്. ഈ രണ്ട് അനുഭവങ്ങളോടുള്ള നമ്മുടെ മനോഭാവം ഒരിക്കൽകൂടി നമ്മുടെ ജ്യേഷ്ഠ, അനുജന്മാരുടെ ജീവിതസമർപ്പണത്തിന്റെ ഓർമ സംഘാതമായി അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും, അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ഈ അവസരത്തിൽ ഓർക്കുക നമ്മുടെ ജീവിതത്തെ തന്നെ ഒന്നു വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും നവ്യമായ ജീവിതാനുഭവങ്ങൾ നമ്മുടെ ജീവിതത്തോട് ചേർത്തുവയ്ക്കുന്നതും അനുചിതം തന്നെ.

നാം സമർപ്പിക്കപ്പെടുന്നത് ആർക്കുവേണ്ടി? നമുക്ക് ഏവർക്കും സുപരിചിതമായ ഒരു ചോദ്യം. ചോദ്യം സുപരിചിതമായതുകൊണ്ടും ഉത്തരം ഏവർക്കും നാവുകൊണ്ട് പറയാൻ യാതൊരു കുഴപ്പവും ഇല്ലാത്തതുകൊണ്ടും വിശദീകരണം ആവശ്യമില്ലായിരിക്കാം. പക്ഷേ നാം നമ്മുടെ സമൂഹത്തിലും, മലങ്കരസഭയിലും, ആഗോള കത്തോലിക്കാസഭയിലും കാണുന്ന സത്യം എന്താണ്? ദൈവം ആണ് നമ്മെ എല്ലാം വിളിച്ചതെന്നും, ദൈവംതന്നെയാണ് നമ്മെ നടത്തുന്നതെന്നും ദൈവത്തെയാണ് നാം പ്രഘോഷിക്കുന്നതെന്നും ഏവർക്കും അറിയാം, ദൈവത്തിനൊഴിക. കാരണം നാം സമർപ്പിക്കപ്പെടുന്നത് സ്ഥാപനത്തിനുവേണ്ടി, മിഷനുവേണ്ടി, പള്ളികൾക്കുവേണ്ടി, ആശ്രമങ്ങൾക്കുവേണ്ടി എന്നതല്ലേ സത്യം. ഈ സമർപ്പണത്തിലൂടെ സ്ഥാപനമോ, പള്ളിയോ, ആശ്രമമോ, സ്കൂളോ, കോളേജോ ഒക്കെ വളർന്ന് വലുതായി വലിയ വടവൃക്ഷമായി ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത വിധം കൈവിട്ട്, കൈയ്യിലൊതുക്കി മുമ്പോട്ടു പോകുന്നില്ലേ? സമർപ്പിക്കപ്പെട്ടവനുവേണ്ടിയാണോ ഇന്ന് ഇതൊക്കെ നടത്തുന്നത്. സമർപ്പിക്കപ്പെട്ടവന്റെ പേരിൽ എന്നത് സത്യം. അവന്റെ രൂപവും

www.malankaralibrary.com

ചിത്രവും, അവൻ പഠിപ്പിച്ച അതിമനോഹരമായ വാക്യങ്ങളും ഈ സ്ഥാപനങ്ങളിൽ പ്രദർശിക്കപ്പെട്ടിരുന്നു. അവന്റെ ആത്മാവ് അവിടെയുണ്ടോ? അവന്റെ ആത്മാവിനാലാണോ അത് പ്രവർത്തിക്കുന്നത്. ഒരു കൊച്ചുസമൂഹം എന്ന നിലയിൽ ആത്മാർത്ഥമായി വിശകലന വിധേയമാകേണ്ട ഒരു നിത്യസത്യം അല്ലേ ഇത്. ആർക്കും ഒന്നും ചെയ്യാൻ കഴിയാത്തവിധം അന്യമാകുന്ന സമർപ്പണത്തിലെ ഈ 'അപചയ'ത്തിന് സംഘാതമായും, വ്യക്തിപര മായും ഉത്തരം കാണേണ്ട കാലം അതിര് കവിഞ്ഞില്ലേ? 'ആർ പൂച്ചക്ക് മണി കെട്ടും' എന്ന് പറഞ്ഞ് അയഞ്ഞ് കളയാതെ ആരെങ്കിലും എന്തെങ്കിലും ഒക്കെ ചെയ്യേണ്ടതല്ലേ, സമർപ്പിക്കപ്പെട്ടവനുവേണ്ടി.

നാം സമർപ്പിക്കപ്പെടുന്നത് ആർക്കുംവേണ്ടി? സമർപ്പണത്തിന്റെ ഇന്നത്തെ അവസ്ഥ വസ്തുനിഷ്ഠമായി നാം പഠിച്ചാൽ, വിശകലനം ചെയ്താൽ മറ്റൊരുകാര്യം കൂടി നാം ഓർക്കണം. സമർപ്പിതരായ നമ്മുടെ സമയം, ആരോഗ്യം, സമ്പത്ത് ഇതിലൂടെ വിമലീകരിക്കപ്പെടേണ്ട ഒരു സത്യം ഇല്ലേ? 'എല്ലാം ഉപേക്ഷിച്ച്' ഈ സമൂഹത്തിൽ നിന്ന്, സഭയിൽ നിന്ന് നമുക്ക് ആവശ്യം ഉള്ളതിലധികം നാം സ്വീകരിച്ച് ജീവിക്കുമ്പോൾ നാം സത്യമായും വസ്തുനിഷ്ഠമായും ജീവിക്കുന്നത് നമ്മുടെ സമൂഹത്തിനു വേണ്ടിയാണോ? സ്വന്തം ഭവനത്തിനുവേണ്ടി ജീവിക്കുന്നവരുടെ എണ്ണം കൂടുന്നില്ലേ? അതിലൂടെ താനും, സ്വന്തം ഭവനവും ബന്ധുമിത്രാദികളും ഒക്കെ വളരുന്നോ? തളരുന്നുണ്ടോ? ഇനിയും വളർന്നാൽ തന്നെ അടുത്ത തലമുറയോ? ബലിപീഠം കവർച്ച ചെയ്യുന്ന ഒരു കുടുംബവും, സഭയെ കൊള്ളയടിക്കുന്ന ഒരു സമർപ്പണവും ഒരിക്കലും ലോകദൃഷ്ടിയിൽ 'രക്ഷ'പെട്ടതായി ചരിത്രമില്ലല്ലോ. നമ്മുടെ സമൂഹത്തിന്റെയും, നാം ഉൾക്കൊണ്ടു നിൽക്കുന്ന സഭയുടേയും ചരിത്രവും, ഇന്നത്തെ അവസ്ഥയും ഈ സത്യത്തിൽനിന്ന് അന്യമല്ലല്ലോ.

നാം സമർപ്പിക്കപ്പെടുന്നത് ആർക്കുവേണ്ടി? നാം നമുക്കുവേണ്ടിയാണ് സമർപ്പിക്കപ്പെടുന്നത് എന്ന ചിന്തയും പ്രവർത്തനവും അതിശക്തമായി ദർശിക്കാൻ കഴിയുന്ന ഒരു ജീവിതക്രമമല്ലേ നമ്മുടേത്. നമ്മുടെ ശരീരത്തപ്പെറ്റിയുള്ള അതിരുകടന്ന 'ആകുലത' നമ്മെ അടിമപ്പെടുത്തിയിരുന്നു. 'നമ്മുടെ ശരീരം ദൈവത്തിന്റെ ആലയം' എന്ന ക്രിസ്തീയ സത്യം മറന്ന് വെറും ലോകത്തിന്റേതായ രീതിയിൽ ഒരു സാധാരണവിശ്വാസിയെക്കാൾ ഉപരിയായ അതിരുകവിഞ്ഞ 'അസ്വസ്ഥത' നമ്മെ ഭരിക്കുന്നില്ലേ? ലഭിക്കുന്ന ശാരീരികമായ സംലഭ്യമായ എല്ലാ നിരീക്ഷണ പരീക്ഷണങ്ങൾക്കൊക്കെ ഉപരിയായി

www.malankaralibrary.com

മാറി മാറിയുള്ള ശാരീരികപരീക്ഷണങ്ങളിൽ മുഴുകി ഇല്ലാത്ത അസുഖംപോലും ഉണ്ട് എന്ന് നടിച്ച് അസ്വസ്ഥതപ്പെട്ട് ജീവിക്കുന്നത് സമർപ്പണത്തിന്റെ ലക്ഷണമാണോ? മറുവശത്ത് സാധാരണ ഒരാൾക്ക് കിട്ടുന്നതിൽ ഉന്നതമായ ഒരു ശാരീരികപരിരക്ഷയല്ലേ നമ്മുടെ സമൂഹത്തിൽ നമുക്ക് ലഭിക്കുക. എന്നിട്ടും ഈ കാണിക്കുന്ന 'അതിരു കവിയുന്ന ആവലാതി'യുടെ കാരണമെന്താണ്? ആയുസ്സിന്റെ ദൈർഘ്യം ഏറിയാൽ എൺപതെന്ന് ഒരു സാധാരണ വിശ്വാസിക്കു പോലും അറിയാം. അതുപോലും നമുക്ക് അറിയില്ലലല്ലോ നമ്മുടെ ജീവിതം കണ്ടാൽ. അതിരുകവിയുന്ന ആവലാതി സമർപ്പിക്കപ്പെട്ടത് ആർക്കുവേണ്ടി എന്ന സത്യത്തിലുള്ള ബോധം ഇല്ലായ്മ അല്ലേ? ചെറുദുഃഖങ്ങളും, ചെറുവേദനകൾപോലും പരതി എടുത്ത് ആഘോഷിച്ച് 'സഹതാപം' നേടിയെടുക്കുക സമർപ്പണത്തിന് ചേർന്നതല്ലല്ലോ. സമർപ്പണത്തിലെ 'ബലി'യുടെ അർത്ഥം പിന്നെ എന്താണ്. ബലിയാകാൻ വിളിച്ചവൻ ഇതൊക്കെ ആഘോഷമാക്കി അസ്വസ്ഥരാകുന്നതെന്തിന്? ജീവിതത്തിന്റെ നല്ല ഒരു കാലം ചികിത്സ തേടി അവസാനിപ്പിക്കുന്ന അവസ്ഥ അനശ്വരമാക്കപ്പെടുന്ന സമർപ്പണത്തിന്റെ ആത്മാവല്ലല്ലോ.

നാം സമർപ്പിക്കപ്പെടുന്നത് ആർക്കുവേണ്ടി? ബഥാന്യരായ നമ്മൾ നമ്മുടെ സഭയുടെ രക്ഷകരാണെന്നതിന് സംശയമില്ല. നമ്മുടെ സഭയുടെ ആവശ്യം അനുസരിച്ച്, നമ്മുടെ സഭാപിതാക്കന്മാരുടെ ആഹ്വാനമനുസരിച്ച് നമ്മോട് ആവശ്യപ്പെടുന്ന ഒരു 'സഭാസേവനം' സഭാസമർപ്പണമാണ് നാം സ്വീകരിക്കേണ്ടത്. 'മലങ്കര' സഭയുടെ ആദ്ധ്യാത്മിക നവീകരണംവഴി ഭാരതത്തെ സുവിശേഷവൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി (വി.നിയമം 4) സമർപ്പിക്കപ്പെട്ട ഒരു സമൂഹം ഭാരതത്തിൽ സമർപ്പിക്കപ്പെടേണ്ടത് മലങ്കര സഭക്കുവേണ്ടിയാണ് വി.നിയമത്തിന്റെ 'വായനയും പുനർവായനും' ഒക്കെ നടക്കേണ്ടത് ഭാരതത്തിൽ മലങ്കര സഭയുടെ ഉള്ളിൽനിന്നും ആയിരിക്കണം. ഇതിനെ എതിരായ 'സമർപ്പണങ്ങൾ' ഏതു കാര്യത്തിന്റെയും സൗകര്യത്തിന്റെയും പേരിൽ ആരു നടത്തിയാലും അത് സമൂഹത്തിന്റെ സിദ്ധിയ്ക്കും ചൈതന്യത്തിനും ജീവിതക്രമത്തിനും അനുയോജ്യമല്ല. അതെ സമയം കാലോചിതമായ ചിന്തകളും മാറ്റങ്ങളും പ്രവർത്തനങ്ങളും ഒക്കെ നടത്താനുള്ള സ്വാതന്ത്ര്യം സമൂഹത്തിന്റെ 6 വർഷത്തിൽ ഒരിക്കൽ കൂടുന്ന പൊതു ചാപ്റ്ററിനല്ലാതെ മറ്റ് ആർക്കും ഇല്ല. ശരിയായ ദിശയിലൂടെ സമർപ്പണത്തെ നിലനിർത്തുന്നതും സംരക്ഷിക്കുന്നതിനുള്ള പരിരക്ഷ വി.നിയമത്തിൽ മാത്രമാണ്. 'സഭയുടെ

www.malankaralibrary.com

പേരിൽ' നാം നടത്തുന്ന ചില പ്രവർത്തനങ്ങൾ അത് സംഘാത മാണെങ്കിലും വ്യക്തിപരമാണെങ്കിലും അതിൽ പതിയിരിക്കുന്ന സ്വാർത്ഥത ഒരിക്കലും ബഥാന്യൻ സമർപ്പണത്തെ അനശ്വരമാക്കില്ല. വികലമാക്കുകയേയുള്ളു.

അതെ, നാം മലങ്കരസഭയുടെ സേവകരാണ്. നമ്മൾ സഭയുടെ ചങ്കാണ്. അതുകൊണ്ട് നാം ജീവിക്കുന്ന ആശ്രമങ്ങൾ ഓരോ പ്രദേശങ്ങളിലെ ആത്മീയജീവിതത്തിന്റെ, മലങ്കരയുടെ സാക്ഷ്യമായി മാറണം. ആതുരസേവനം ആയാലും സ്ഥാപനത്തിലുള്ള ശുശ്രൂഷയാ യലും അവ ഒന്നുംതന്നെ സഭയിലുള്ള നമ്മുടെ ആശ്രമജീവിതത്തെയും ദൗത്യത്തെയും തകർക്കുന്നതായിരിക്കരുത്. പള്ളി നടത്തുന്നതു കൊണ്ട് ആശ്രമത്തിലെ അനുദിനനിഷ്ഠകളിൽ നിന്നും, പ്രാർത്ഥന കളിൽനിന്നും, ഒന്നിച്ചുള്ള പരി.കുർബാനയിൽ നിന്നും ഇഷ്ടത്തി നൊത്തുള്ള 'വിടുതൽ' നമുക്ക് ആര് നൽകി? സ്കൂളിലോ ആതുര ശുശ്രൂഷകളിലോ ഒക്കെ നാം ജീവിച്ച് സേവനം ചെയ്യുന്നതുകൊണ്ട് നമ്മുടെ ആത്മീയജീവിതക്രമത്തെ നമുക്ക് എങ്ങനെ ഏറ്റം അവസാന കാര്യമായി കാണാൻ കഴിയും? നമ്മുടെ ആശ്രമജീവിതക്രമവും ആശ്രമസ്ഥാപകനും ഒക്കെ പഠിപ്പിച്ചു കൈമാറിയ 'ദൈവസമ്പാദനം' തിരസ്കരിച്ചുകൊണ്ട് ആർ എന്തുചെയ്താലും അത് ബഥനിസമൂഹ ത്തിന്റെ സമർപ്പണമല്ല. അതിനെതിരായി ആത്യന്തികമായി ജീവിച്ച് ആയുസ്സ് കളയുന്നവർ ഒരിക്കലും ബഥനിയിൽ വിജയിക്കില്ല, സ്വസ്ഥ രാകില്ല, സമർപ്പിതരാകില്ല. ആയതിനാൽ സഭയിലുള്ള നമ്മുടെ ജീവിത ക്രമത്തിന്റെ 'ഹൃദയത്തെ' വകവയ്ക്കാതെ ആനുകാലികതയുടെ പേരിൽ തിമർത്തു ജീവിതം നയിക്കുന്നവർ അനശ്വരമാക്കപ്പെട്ട ഈ സമർപ്പണത്തിൽ 'ദുർസാക്ഷികൾ തന്നെയാണ്.'' അതിലൂടെ വികലമാക്കപ്പെടുന്നതോ ആശ്രമീയ ആദ്ധ്യാത്മിക ജീവിതവും.

സമർപ്പണത്തിലെ അടിസ്ഥാനപരമായ ഒരു ധർമ്മമാണല്ലോ അനുദിന പ്രാർത്ഥനകളും വി.കുർബാനയും മറ്റ് ഭക്തകർമ്മങ്ങളും. സമർപ്പണത്തിൽ പ്രാർത്ഥിക്കുന്നവർ, പ്രാർത്ഥിക്കാത്തവർ എന്ന വേർതിരിവ് ഉണ്ടോ? സമർപ്പണത്തിൽ വേല ചെയ്യുന്നവർ, വേല ചെയ്യാത്തവർ എന്ന വേർതിരിവ് ഉണ്ടോ? സമർപ്പണത്തിൽ 'ഉന്നതൻ, താണവൻ' എന്ന തിരിവ് ആരാണ് കൊണ്ടുവന്നത്. യാമനമസ്കാരം 7 നേരത്തിന് പകരം 4 നേരമെങ്കിലും പ്രാർത്ഥിക്കുന്നവനെ ഒരു നേരംപോലും സംഘാതമായും തനിയെയും പ്രാർത്ഥിക്കാത്തവൻ ചോദ്യം ചെയ്യുന്നു. അതിന്റെ പിന്നിലെ പ്രത്യേയശാസ്ത്രത്തെ വളച്ചൊടിച്ച് ദൈവത്തെ വിളിക്കാതെ നടന്ന് താൻ കേമനാണെന്ന്

www.malankaralibrary.com

പ്രഘോഷിക്കപ്പെടുക. പ്രവർത്തനം മുഴുവൻ പ്രാർത്ഥനയാണെന്ന് പറഞ്ഞു സംതൃപ്തിയടയുക. അതിരുകടന്ന സമർപ്പണത്തിലെ സ്വാത ന്ത്ര്യത്തിന്റെ ആകെപത്രം ആണിത്: സമർപ്പിതൻ അനശ്വരനാവുക സമൂഹം അനുശാസിച്ച് ജീവിക്കാൻ ആഹ്വാനം ചെയ്യുന്ന സമൂഹ നിയമത്തിൽ വളരെ വ്യക്തമായി പഠിപ്പിക്കുന്ന നിത്യസത്യങ്ങളുടെ ജീവിക്കുന്ന സാക്ഷികൾ അകന്നതിലൂടെയല്ലേ? സമർപ്പണജീവിത ത്തിൽ ഈ വിഷയത്തിലുള്ള 'വ്യക്തിപരമായ' ജീവിതക്രമങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്. കൂടുതൽ ആളുകളും സമൂഹം പറയുന്ന നിഷ്ഠാജീവിതവും, അനുദിന ജീവിതക്രമവും പാലിക്കാതെ വരുന്ന ഒരു സാഹചര്യത്തിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് വിവേചിച്ചറിയാനുള്ള മാനദണ്ഡം സമൂഹനിയമ ആചാരങ്ങൾ അല്ലാതെ മറ്റ് എന്താണ്? അനശ്വരമാക്കപ്പെടേണ്ട സമർപ്പണജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരുടെ ജീവിതക്രമങ്ങൾക്ക് മാനദണ്ഡവും മാർഗ്ഗദർശിയും നമ്മുടെ വി.നിയമവും ആചാരങ്ങളും തന്നെയെന്ന് അനശ്വരമാക്കപ്പെട്ട സമർപ്പണം നമ്മെ പഠിപ്പിക്കുന്നു.

സമർപ്പണം അനശ്വരമാക്കപ്പെടേണ്ടത് അടിസ്ഥാനപരമായി ഒരംഗം ഏറ്റുപറഞ്ഞ് സമർപ്പിക്കപ്പെടുന്ന മൂന്ന് വ്രതങ്ങളിലൂടെയാണ്. വ്രതം പ്രഘോഷണവിഷയമല്ല. ജീവിതവിഷയം തന്നെ. ജീവിതത്തിലെ നിത്യസത്യങ്ങൾ തന്നെ സമർപ്പിതർക്ക് വ്രതങ്ങൾ. അതുകൊണ്ടു തന്നെയാണ് തന്നെയാണ് നമ്മുടെ കഴിഞ്ഞ ജനറൽ സിനാക്സിസ് മുതൽ നമ്മുടെ സമൂഹ അംഗങ്ങളുടെ വ്രതസമർപ്പണ ജൂബിലിയാണ് ആഘോഷിക്കേണ്ടതെന്ന് നമ്മെ ആഹ്വാനം ചെയ്തത്. നാം പുരോഹിതരാകുന്നതിനുമുമ്പ് സമർപ്പിതർ ആണെന്ന തിരിച്ചറിവി ലേക്ക് തിരിച്ചു വരാനുള്ള ക്ഷണം. പൗരോഹിത്യം 'പണിയായി' അധഃപതിക്കുമ്പോൾ സമർപ്പണം വിളിയായി, അതിന്റെ മാധുര്യം ആസ്വദിച്ചുകൊണ്ട് ജീവിക്കാനുള്ള ക്ഷണം. വിളിച്ചവനുമായി സായൂജ്യം പ്രാപിക്കാനുള്ള ക്ഷണം വ്രതബദ്ധമായ ജീവിതം സമർപ്പിതനെ മാടിവിളിക്കുന്നു. ദൈവത്തിന്റെയും മനുഷ്യന്റെയും മുന്നിൽ തലകുനിക്കാനും, ജഡസംബന്ധമായ സകല വിചാരങ്ങ ളെയും വേദനകളെയും ആഗ്രഹങ്ങളെയും ദൈവവുമായുള്ള ബന്ധ ത്തിൽ ഉൾച്ചേർക്കുവാനും, ഒന്നും സ്വന്തമാക്കാതെ ഉള്ളതും, ഉള്ളും ദൈവഅരൂപിയാൽ നിറഞ്ഞ് ജീവിതം 'സമ്പൂർണ്ണഹോമയാഗം' ആയി സമർപ്പിക്കുന്നതിലൂടെമാത്രം സമർപ്പണം അനശ്വരമാകും. അസാധാര ണമായ ഈ ഒരു ജീവിതക്രമം സമർപ്പണത്തിലൂടെ സ്വന്തമാക്കുന്നവൻ മാത്രം സമർപ്പണം അനശ്വരമാക്കുന്നവൻ.

സമർപ്പിതൻ പൂജാരിയല്ല. ബലി അർപ്പിച്ച് കാശു വാങ്ങി ജീവിക്കുന്നവനല്ല. കൂദാശകൾ അനുഷ്ഠിച്ച് വയറും ഭണ്ഡാരവും വീർപ്പിക്കുന്നവനുമല്ല. ഇത് സമർപ്പണത്തിലെ സമർപ്പകന്റെ ഏറ്റം താണതലം. ഈ താണതലം തന്നെ സമർപ്പണ ജീവിതത്തിന്റെ ഉന്നതതലമായി കണ്ട് ജീവിതം ആസ്വദിക്കുന്നവരുടെ എണ്ണം കൂടുതലാണെന്ന് അംഗീകരിക്കാതെ തരമില്ല. സമർപ്പിതൻ ജ്ഞാനിയല്ലേ? കുറേ വേദം പഠിച്ച് പഠിപ്പിക്കുന്നതുകൊണ്ട് അവൻ മറ്റുള്ളവരേക്കാളിലും ഉന്നതനാണെന്ന് ചിന്തിച്ച് ആയുസ്സു കളയുന്നു. 'സത്യവേദത്തിൽ' ജീവിക്കുന്നവനാണ് സമർപ്പിതൻ. പഠനം, അത് വേദപഠനമാണെങ്കിലും, ലോകപഠനമാണെങ്കിലും അവനെ ഇന്ന് അഹങ്കരിയാക്കുന്നു എന്നത് യാഥാർത്ഥ്യം. അറിവ് ഒരു അഹങ്കാരമായി മാറുന്നു. അർപ്പിതന്റെ അറിവ് തിരിച്ചറിവിനുള്ള 'വിവരം' ആണെന്നു തിരിച്ചറിയുന്നവന്റെ മുന്നിൽ ശിരസ്സു കുനിക്കാനുള്ള ഉൾക്കാഴ്ചയാണെന്നും എന്തേ ഇന്നത്തെ സമർപ്പിതർ മനസ്സിലാക്കുന്നില്ല. വേദപഠനത്തിലൂടെ അനശ്വരനാകുന്നവനല്ല സമർപ്പിതൻ. മറിച്ച്, വേദപഠനം അനശ്വരത നേടാൻ അവനെ സഹായിക്കും അത്രമാത്രം. അർപ്പണത്തിലൂടെ മാത്രം അനശ്വരനാക്കപ്പെടുന്നവനാണ് സമർപ്പിതൻ. അർപ്പണം നിർമ്മലമായിരിക്കണം. മഞ്ഞുപോലെ വെണ്മയുള്ളതായിരിക്കണം.

നമ്മുടെ 6 സഹോദരങ്ങളുടെ വ്രതത്തിന്റെ ജൂബിലി നാം അനുസ്മരിക്കുമ്പോൾ അവരെയോർത്ത് ദൈവതിരുമുമ്പിൽ സമഗ്രമായി നമ്മുടെ സമർപ്പണത്തിലെ 'അപജയങ്ങളെ' ഓർത്ത് ദൈവത്തോട് മാപ്പ് ഇരക്കാനുള്ള അവസരം. അവരുടെ സമർപ്പണം അനശ്വരമാകാൻ അവർക്കുവേണ്ടി സമൂഹമായി മാദ്ധ്യസ്ഥം വഹിക്കാനുള്ള അവസരം - വ്യക്തികളായി, സമൂഹമായി സമർപ്പണത്തിന്റെ മഹത്വത്തെ ജീവിതംകൊണ്ട് ഉയർത്തി പ്രതിഷ്ഠിക്കാനുള്ള വെല്ലുവിളി സ്വീകരിക്കാനുള്ള അവസരം. വ്രതത്രയങ്ങളോട് ക്രിസ്തീയമായ, സന്ന്യാസപരമായ അടിസ്ഥാന ആഭിമുഖ്യവും, ജീവിതസാക്ഷ്യവും വച്ചുപുലർത്താനുള്ള ആത്മ ശക്തിക്കായി വ്യക്തിപരമായും സമൂഹപരമായും ഉള്ളുരുകി പ്രാർത്ഥിക്കാനുള്ള അവസരം. നമ്മുടെ സമൂഹാംഗങ്ങളുടെ വ്രതബദ്ധമായ ജീവിതം ആഘോഷിക്കുന്ന ഈ അവസരം നമുക്ക് ഒരാത്മശോധനയും, ഒരാത്മസമർപ്പണത്തിന്റെയും, ഒരാത്മീയ ഉണർവ്വിന്റേയും അവസരമാകട്ടെ എന്ന് ആഗ്രഹിക്കുന്നു. ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു. അനശ്വരമാകട്ടെ നമ്മുടെ സമർപ്പണം. ●

www.malankaralibrary.com

# 'അല്പം ധ്യാനവും ഒരു പ്രാർത്ഥനയും'

ഫാ. ജോസഫ് തോമസ് മേനാകളീക്കൽ ഒ.ഐ.സി.

ആശ്രമങ്ങളിൽ "സന്ന്യാസികൾ കുറയുകയും അച്ചന്മാരും" "കാര്യസ്ഥന്മാരും" കൂടുകയും ചെയ്യുമ്പോൾ, അവിടം അരമനകളായി മാറുകയും; അവിടെ ത്യാഗികൾ കുറഞ്ഞ് ഭോഗികൾ കൂടുമ്പോൾ, ദേവാലയങ്ങൾ പോലും വ്യാപാരശാലകലായി മാറുകയും, സത്യത്തെ വ്യഭിചരിക്കുന്ന വ്യഭിചാരശാലകളായി രൂപപ്പെടുകയും ചെയ്യും. സാക്ഷ്യം, എതിർസാക്ഷ്യമായും; വിശുദ്ധി, വക്കോളം നിറച്ച കുംഭങ്ങൾ ശൂന്യതക്ക് വഴിമാറുകയും ചെയ്യും.

ആർഭാടങ്ങൾ ശൈലിയായും, സുഖഭോഗങ്ങൾ ദിനചര്യയായും ആഘോഷിക്കപ്പെടും. അവിടെ 'ലക്ഷ്യം' മറന്ന്, ആരവങ്ങളും ആൾക്കൂട്ടവും സ്വപ്നം കണ്ടുറങ്ങുന്ന നേതാക്കളായി ആശ്രമസ്ഥൻ മാറിപ്പോകുന്നു. എതിർക്കുന്നവനെ എണ്ണിയാൽ തീരാത്ത ശരങ്ങൾ കൊണ്ട് എയ്ത് വീഴ്ത്തുന്നു. അവിടെ സംസാരഭാഷ സംസ്കാരം ചോർന്ന് അസഭ്യഭാഷയാകുന്നു. ഇക്കിളിപ്പെടുത്തുന്നതും പിന്നീട് പൊട്ടിത്തെറിക്കുന്നതുമായ ഒരു ഭാഷ അവർ സ്വന്തമാക്കുന്നു. സർവ്വവും ത്യജിക്കേണ്ടവൻ സർവ്വാധിപതിയും ഏകാധിപതിയുമാകുന്നു.

വിനീതമായി അപരന് ചെവികൊടുക്കേണ്ടവൻ കല്പിക്കുന്നവനാകുന്നു. കരുണയുടെ മുഖം നഷ്ടപ്പെട്ട് അവൻ കഠോരഹൃദയരാകുന്നു. അപരന്റെ വിയർപ്പുതുള്ളികളുടെ നാണയങ്ങൾ തന്റെ യശ്ശസിനും പുണ്യപ്രവർത്തികൾക്കുമായി ചിലവിട്ട് വിശുദ്ധിയുടെ പരിവേഷത്തിൽ അഭിരമിക്കുന്നു.

സ്വർഗ്ഗത്തിലേക്ക് നോക്കുന്ന ക്രിസ്തുവിന്റെ കണ്ണുകൾ

www.malankaralibrary.com

നഷ്ടപ്പെട്ട്, ആസ്വാദ്യവും കണ്ണിനു കൗതുകകരവുമായവയെ ഒളിഞ്ഞു നോക്കുന്ന ദാവീദിന്റെ കണ്ണുകൾ അവർ സ്വന്തമാക്കുന്നു. അത് അവനെ അശുദ്ധിയിലേക്കും പിന്നീട് മരണത്തിലേക്കും നയിക്കുമെന്ന് പറയുന്ന ദൈവശബ്ദവും അവന് നഷ്ടമാകുന്നു.

പറയാനിനിയേറെ.... അറിയാനതിലേറെ....!

നമ്മുടെ സംസ്കാരം ചോരുന്നത് നാമറിയുന്നുവോ? നമ്മുടെ ആശകൾ നാശത്തിലേക്കും, ആശയങ്ങൾ വിനാശത്തിലേക്കും വഴുതുന്നത് നാം അറിഞ്ഞിട്ടും അനങ്ങാതിരിക്കുകയല്ലേ?

ചൂണ്ടുവിരലെന്നല്ല, എല്ലാ വിരലുകളും നീളുന്നത് എന്നിലേക്കു തന്നെ. ദൈവമേ ഇടപെടേണമേ.... കടന്നുവരേണമേ.... ●

**അവൻ അവിടെ പ്രവേശിച്ച്**

**നിത്യരക്ഷ സാധിച്ചത്**

**കോലാടുകളുടെയോ**

**കാളക്കിടാങ്ങളുടെയോ**

**രക്തത്തിലൂടെയല്ല,**

**സ്വന്തം രക്തത്തിലൂടെയാണ്.**

(ഹെബ്രാ 9:12)